بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْد

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാള്യം 9

ലക്കം 16

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2024 ഏപ്രിൽ 18/ ഹി.ശം 1403 ശഹാദത്ത് 18/1445 ശവ്വാൽ 8

## അല്ലാഹുവിന്റെ വചനം

وَبِالْحَقِّ اَنْزَلْنٰهُ وَبِالْحَقِّ نَزَلَ ؕ وَمَآ اَرْسَلْنٰكَ اِلَّا مُبَشِّرًا وَّ نَذِيْرًا ﴿۱۰۶﴾

സത്യപൂർണമായ നിലയിൽ നാം അത് അവതരിപ്പിച്ചിരിക്കുന്നു;സത്യപൂർണമായ നിലയിൽ അതിറങ്ങുകയും ചെയ്തിരിക്കുന്നു. സന്തോഷവാർത്ത അറിയിക്കുന്നവനും മുന്നറിയിപ്പു നല്കുന്നവനുമായിട്ടല്ലാതെ നാം നിന്നെ നിയോഗിച്ചിട്ടില്ല.

(വിശുദ്ധ ഖുർആൻ 17:106)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.


## തിരുനബിയുടെ തിരുമൊഴികൾ

ഹദ്റത്ത് നുഅ്മാൻ ബിൻ ബശീർ(റ)വിവരിക്കുന്നു, ഞാൻ നബി(സ)തിരുമേനിയിൽനിന്ന് കേട്ടു:അവിടന്ന് പറയുമായിരുന്നു, നിങ്ങൾ നിങ്ങളുടെ സ്വഫ്ഫുകൾ നേരെയാക്കി വെക്കുക. അങ്ങനെ നിങ്ങൾ ചെയ്തില്ലെങ്കിൽ(ഫലമെന്നോണം) നിങ്ങളുടെ മുഖങ്ങളിലും ഹൃദയങ്ങളിലും അല്ലാഹു ഭിന്നിപ്പിന്റെ ബീജം ഇടുന്നതാണ്. (ബുഖാരി കിതാബുസ്സ്വലാത്ത്)

ഹദ്റത്ത് അനസ്(റ) വിവരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു:നിങ്ങൾ സ്വഫ്ഫുകൾ നേരെയാക്കിവെക്കുക. കാരണം സ്വഫ്ഫുകൾ നേരെയാക്കി വെക്കുക എന്നതും നമസ്കാര പൂർത്തീകരണത്തിന്റെ ഒരു ഭാഗമാണ്( ബുഖാരി കിതാബുസ്സ്വലാത്ത്)

**ജമാഅത്തായ നമസ്കാരത്തിൽ ഇമാമിനുമുമ്പേ തല ഉയർത്തൽ:**

ഹദ്റത്ത് അബൂഹുറയ്റ(റ)വിവരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു:ഇമാമിനുമുമ്പേ തല ഉയർത്തുന്ന പക്ഷം അവന്റെ തല കഴുതയുടെ തലയായിട്ട് അല്ലാഹു മാറ്റുകയോ അല്ലെങ്കിൽ അവന്റെ ആകെ രൂപത്തെത്തന്നെ കഴുതയുടെ രൂപത്തിൽ മാറ്റുകയോ ചെയ്തേക്കുമെന്ന് അവൻ ഭയപ്പെടുന്നില്ലേ? അതായത് അത്തരം വ്യക്തിയിൽനിന്ന് ഗ്രാഹ്യവും ബുദ്ധിയും പിടിച്ചെടുക്കുന്നതായിരിക്കും.(മുസ്‌ലിം കിതാബുസ്സ്വലാത്ത്)




**ഈ ലക്കത്തിൽ**

ജുമുഅ ഖുത്വ്ബ 2023 മാർച്ച് 15 (സമ്പൂർണ തർജമ)

അമീറുൽ മുഅ്മിനീന്റെ ജർമൻ പര്യടനം

സുപ്രധാന അറിയിപ്പുകൾ

**സ്വന്തം ധൈര്യത്തിലും പരിശ്രമത്തിലും അഹങ്കരിക്കരുത്. ഈ വിജയം നമ്മുടെ ഏതെങ്കിലും കഴിവിന്റേയോ അധ്വാനത്തിന്റേയോ ഫലമാണെന്ന് മനസ്സിലാക്കുകയുമരുത്. പ്രത്യുത ആരുടേയും സത്യസന്ധമായ അധ്വാനത്തെ പാഴാക്കിക്കളയാത്ത കാരുണ്യവാനായ ദൈവം നമ്മുടെ അധ്വാനത്തിന് ഫലം തന്നതാണെന്ന് ചിന്തിക്കുക.**

**മനുഷ്യൻ ലോകത്തുകാണുന്ന എല്ലാ തരത്തിലുള്ള നിന്ദ്യതകളിൽനിന്നും ഞെരുക്കങ്ങളിൽനിന്നും രക്ഷപ്പെടാനാഗ്രഹിക്കുന്നെങ്കിൽ മുത്തഖിയാകുക എന്ന ഒരേയൊരു വഴിയെയുള്ളൂ എന്നതുതന്നെയാണ് എന്റെ ഈമാൻ.**

# സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസി(അയ്യദഹുല്ലാഹ്)ന്റെ ഉപദേശങ്ങൾ

### ഭൗതികമായ വിജയങ്ങളും സന്തോഷങ്ങളും ശാശ്വതമല്ല

മനുഷ്യന് എല്ലാത്തരം വിജയങ്ങളുടെ അവസരത്തിലും ഒരു സന്തോഷമുണ്ടാകാറുണ്ട്. വിശുദ്ധ ഖുർആനിൽനിന്ന് മൂന്നു തരത്തിലുള്ള സന്തോഷം 'ലഹ്വ്, ലയിബ്, തഫാഖുർ' മനസ്സിലാകുന്നുണ്ട്.(ഇഅ്ലമൂ അന്നമൽ ഹയാത്തുദ്ദുൻയാ ലയിബുൻ വ്വ ലഹ്വുൻ വ്വ സീനത്തുൻ വ്വ തഫാഖുറുൻ(57:21) ഈ ആയത്തിനെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)സൂചിപ്പിക്കുന്നത്).*ലഹ്‌വിൽ* ഭക്ഷണസാധനങ്ങൾ ഉൾപ്പെടുന്നു. *ലയിബിൽ* വിവാഹം തുടങ്ങിയ സന്തോഷങ്ങളും *തഫാഖുറിൽ* ധനം തുടങ്ങിയവയുടെ സന്തോഷങ്ങളും ഉൾപ്പെടുന്നു. ഇതാണ് ആ മൂന്നുതരത്തിലുള്ള സന്തോഷങ്ങൾ. ഇതിനുപുറമെ ഒരു സന്തോഷവുമില്ല. എന്നാൽ, ഓർക്കുക!വിജയങ്ങളും ഈ സന്തോഷങ്ങളും ശാശ്വതമല്ല. എന്നല്ല അതിനോടു മനസ്സ് ചേർക്കുകയാണെങ്കിൽ കഠിനമായ ദോഷമുണ്ടാകുന്നതായിരിക്കും. പതുക്കെപ്പതുക്കെ ഈ സന്തോഷങ്ങളുടെ കാലം കയ്പുകളിലേക്ക് മാറ്റപ്പെടുന്ന ഒരു സമയം വന്നുചേരുന്നു.

ഭൗതികലോകത്തെ വിജയങ്ങൾ പരീക്ഷണങ്ങളിൽനിന്ന് മുക്തമാകുകയില്ല. വിശുദ്ധ ഖുർആനിൽ വന്നിരിക്കുന്നു. ഖലഖൽമൗത്ത വൽഹയാത്ത ലിയബ്‌ലുവക്കും നിങ്ങളിൽനിന്ന് ആരാണ് ഏറ്റവും നന്നായി പ്രവൃത്തിക്കുന്നതെന്ന് നിങ്ങളെ പരീക്ഷിച്ചറിയുന്നതിനുവേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചു. വിജയവും പരാജയവും ജീവിതത്തിന്റേയും മരണത്തിന്റേയും പ്രശ്നമാകുന്നു. വിജയം ഒരു തരത്തിലുള്ള ജീവിതമാണ്. ആർക്കെങ്കിലും താൻ വിജയിച്ചിരിക്കുന്നുവെന്ന വിവരമെത്തുമ്പോൾ അയാളിൽ ജീവൻ വീഴുന്നു; പുതിയ ജീവിതം കിട്ടിയപോലെ. പരാജയത്തിന്റെ വിവരം കിട്ടിയാൽ ജീവനോടെതന്നെ മരിച്ചുപോകുന്നു. ചില നേരങ്ങളിൽ ദുർബലരായിട്ടുള്ള ധാരാളംപേർ നാശമടയുകയും ചെയ്യുന്നു.

സാധാരണ ജീവിതവും മരണവും ഒരു സുഗമമായ കാര്യമാണെന്നതും ഓർക്കേണ്ടതാണ്. പക്ഷേ, നരകജീവിതവും മരണവും ദുസ്സഹമായ കാര്യമാണ്. ഭാഗ്യവാൻ പരാജയത്തിനുശേഷം വിജയിയാകുകയും വീണ്ടും ഭാഗ്യവാനായിത്തീരുകയും ചെയ്യുന്നു. അല്ലാഹുവിലുള്ള അവന്റെ വിശ്വാസം വർധിക്കുന്നു. തന്റെ ദൈവം എങ്ങനെയുള്ളവനാണെന്ന് അവൻ ചിന്തിക്കുമ്പോൾ അവനൊരു നിർവൃതിയുണ്ടാകുന്നു. ഭൗതികവിജയം ദൈവത്തെ തിരിച്ചറിയുന്നതിനുള്ള ഒരു കൃത്രിമമായ കാരണമാകുന്നു. അത്തരമാളുകൾക്ക് ഈ ഭൗതിക വിജയങ്ങൾ യഥാർഥ വിജയത്തിന്റെ ഒരു മാർഗമാകുന്നു.(ഇതിന് ഇസ്‌ലാമികമായ സാങ്കേതികാർഥത്തിൽ *ഫലാഹ്* എന്നാണ് പറയുന്നത്) ഞാൻ നിങ്ങളോടു സത്യമായും പറയുന്നു:സത്യസന്ധമായ സന്തോഷാവസ്ഥ, സത്യസന്ധമായ സൗഖ്യം ഇഹലോകത്തും ഇഹലോകവസ്തുക്കളിലും ഒരിക്കലുമില്ല. യഥാർഥമെന്താണെന്നാൽ, ലോകത്തിലെ വകുപ്പുകളെല്ലാം കണ്ടാലും മനുഷ്യന് സത്യസന്ധവും ശാശ്വതവുമായ സന്തോഷം കരസ്ഥമാക്കാൻ സാധിക്കുകയില്ല. സമ്പന്നൻ അതായത് കൂടുതൽ ധനവും സ്വത്തുമുള്ളവൻ എപ്പോഴും സന്തോഷിച്ചിരിക്കുന്നത് നിങ്ങൾ കാണുന്നുണ്ട്. എന്നാൽ, അവരുടെ അവസ്ഥ പരട്ടച്ചൊറിബാധിച്ച രോഗിയെപ്പോലെയാണ്. ചൊറിയുമ്പോൾ നല്ല സുഖം ലഭിക്കുന്നു. പക്ഷേ, ആ ചൊറിച്ചിലിന്റെ അവസാനഫലമെന്താണ്? ചോരപൊട്ടി ഒലിക്കുന്നു. അതുകൊണ്ട് ഈ ഭൗതികവും താൽക്കാലികവുമായ വിജയങ്ങളിൽ യഥാർഥ വിജയത്തിൽനിന്ന് അകന്നുപോകുന്നത്ര സന്തോഷിക്കരുത്. പ്രത്യുത വിജയങ്ങളെ ദൈവത്തെ തിരിച്ചറിയാനുള്ള ഒരു മാർഗമായി നിശ്ചയിക്കുക. സ്വന്തം ധൈര്യത്തിലും പരിശ്രമത്തിലും അഹങ്കരിക്കരുത്. ഈ വിജയം നമ്മുടെ ഏതെങ്കിലും കഴിവിന്റേയോ അധ്വാനത്തിന്റേയോ ഫലമാണെന്ന് മനസ്സിലാക്കുകയുമരുത്. പ്രത്യുത ആരുടേയും സത്യസന്ധമായ അധ്വാനത്തെ പാഴാക്കിക്കളയാത്ത കാരുണ്യവാനായ ദൈവം നമ്മുടെ അധ്വാനത്തിന് ഫലം തന്നതാണെന്ന് ചിന്തിക്കുക. നൂറുക്കണക്കിന് വിദ്യാർഥികൾ ഈയിടെയായി പരീക്ഷയിൽ തോറ്റുപോകുന്നത് നിങ്ങൾ കാണുന്നില്ലേ? അവരെല്ലാവരും അധ്വാനിക്കാത്തവരായിരുന്നോ? തികച്ചും വിഡ്ഢികളും മൂഢന്മാരുമായിരുന്നോ? അല്ല. മറിച്ച് ചിലർ എത്രമാത്രം ബുദ്ധിമാന്മാരും കഴിവുള്ളവരുമാണെന്നാൽ, വിജയിക്കുന്നവരിൽ മിക്കവരുമായുള്ള പോരാട്ടത്തിൽ സമർഥരാകുന്നു. അതുകൊണ്ട് അനിവാര്യവും അത്യാവശ്യവുമായിട്ടുള്ളത്, അല്ലാഹു ഒരു അധ്വാനവും പാഴാക്കാതിരുന്നതിന്, ഓരോ വിജയത്തിലും സത്യവിശ്വാസി നന്ദി കാണിച്ചുകൊണ്ട് ദൈവസന്നിധിയിൽ സുജൂദ് ചെയ്യുക. അല്ലാഹുവിനോടുള്ള സ്നേഹം വർധിക്കുകയും ഈമാനിൽ അഭിവൃദ്ധിപ്പെടുകയും ചെയ്യുമെന്നതാണ് ആ നന്ദിയുടെ ഫലം. ഇതുമാത്രമല്ല മറ്റുവിജയങ്ങളും കരസ്ഥമാകുന്നതാണ്.

(ശേഷം പേജ് 12 ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

- ☐ നമ്മൾ റമളാന്റെ അന്തരീക്ഷത്തിൽനിന്ന് ഫലമെടുത്തുകൊണ്ട് യഥാർഥ നിലയിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുക്കുന്നവരായിത്തീരുമ്പോൾ നമ്മൾ തന്നെയായിരിക്കും സൗഭാഗ്യവാന്മാർ!
- ☐ യഥാർഥ ഉദ്ദേശ്യം തഖ്‌വാ ഉണ്ടാക്കുക എന്നതാണ്. ഇതില്ലെങ്കിൽ നോമ്പിന്റെ ഉദ്ദേശ്യം മരിച്ചുപോകുന്നു
- ☐ റമളാനിൽ വിശുദ്ധ ഖുർആൻ പഠിക്കാനും പഠിപ്പിക്കാനും കേൾക്കാനും കേൾപ്പിക്കാനും കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. ദിക്റെ ഇലാഹിയിൽ കൂടുതൽ ശ്രദ്ധിക്കണം. ഇബാദത്തുകളിൽ കൂടുതലായി ശ്രദ്ധ ചെലുത്തണം. ഇതിനു വിപരീതമായി വിവിധ ജോലികൾ ചെയ്യുന്നയാളുകൾ തങ്ങളുടെ ജോലികളിൽനിന്നുതിരിച്ചെത്തി ഇഫ്താർ പാർട്ടികളിലെ ഭക്ഷണത്തിൽ വ്യാപൃതരാകുന്നു.
- ☐ നമ്മൾ റമളാനിലെ നോമ്പ് യഥാവിധി അനുഷ്ഠിക്കാൻ ശ്രമിക്കേണ്ടതാണ്. തഖ്‌വാ എന്ന യഥാർഥ ലക്ഷ്യം കൈവരിക്കാൻ പരിശ്രമിക്കേണ്ടതാണ്
- ☐ ശയ്ത്വാനെ നിസ്സാരനായി ഗണിക്കരുത്. അവൻ വലിയ ചാലഞ്ച് ചെയ്തുകൊണ്ട് അല്ലാഹുവിന്റെ ദാസന്മാരിൽ ഭൂരിഭാഗവും തന്റെ പ്രേരണയിൽ അകപ്പെട്ട് തന്റെ പിന്നാലെ നീങ്ങുമെന്ന് പറഞ്ഞിരുന്നു. ചുരുക്കത്തിൽ നമ്മൾ റമളാനിൽ അവന്റെ ചാലഞ്ചിനെ നേരിടേണ്ടതാണ്.
- ☐ ‘അല്ലാഹു ഇതുകൊണ്ട് അഥവാ നോമ്പുകൊണ്ടുദ്ദേശിക്കുന്നത്, ഒരു ഭക്ഷണം കുറച്ചുകൊണ്ട് രണ്ടാമത്തേത് വർധിപ്പിക്കണമെന്നാണ്. പട്ടിണി കിടക്കുക എന്നതുമാത്രമല്ല ഉദ്ദേശ്യമെന്ന് നോമ്പുകാരനെപ്പോഴും ഓർക്കേണ്ടതാണ്. മറിച്ച് അയാൾ ദൈവസ്മരണയിൽ വ്യാപൃതനാകുകയും അങ്ങനെ ഭൗതിക വിരക്തിയും വിടുതലും കരസ്ഥമാക്കുകയും വേണം. അതായത് അല്ലാഹുവിലേക്ക് ശ്രദ്ധയുണ്ടാകുകയും ഭൗതികതയോടു വിരക്തി ഉണ്ടാകുകയും വേണം. ചുരുക്കത്തിൽ നോമ്പുകൊണ്ടുള്ള ഉദ്ദേശ്യം ശരീരത്തെ പരിപാലിക്കുന്ന ഭക്ഷണമൊഴിവാക്കി ആത്മാവിന് സമാധാനവും സംതൃപ്തിയും പ്രദാനംചെയ്യാനുള്ള ഭക്ഷണം കരസ്ഥമാക്കുകയും ചെയ്യുക എന്നാകുന്നു. അല്ലാഹുവിനെ മുൻ നിറുത്തിമാത്രം നോമ്പെടുക്കുന്നവർ ആചാരമെന്ന നിലയ്ക്ക് നോമ്പെടുക്കുന്നവരല്ല. അവർ അല്ലാഹുവിന്റെ ഹംദ് (സ്തുതി) തസ്ബീഹ് (സ്തോത്രം) തഹ്‌ലീൽ (ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് പറയൽ)എന്നിവയിൽ കഴിച്ചുകൂട്ടുന്നു. രണ്ടാമത്തെ ഭക്ഷണം ലഭിക്കുന്നത് അങ്ങനെയാണ്.’(ഹദ്റത്ത്മസീഹ് മൗഊദ്(അ))
- ☐ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു ഇൽഹാമി ദുആയും പറഞ്ഞു തന്നിട്ടുണ്ട്:സുബ്ഹാനല്ലാഹി വബിഹംദിഹി സുബ്ഹാനല്ലാഹിൽ അളീം അല്ലാഹുമ്മ സ്വല്ലിഅലാ മുഹമ്മദിൻ വ ആലി മുഹമ്മദ് ഇതു വളരെ പ്രധാനപ്പെട്ട ഒരു ദുആ ആകുന്നു.
- ☐ അല്ലാഹു വിശുദ്ധ ഖുർആനിൽ തഖ്‌വായിലൂടെ ചരിക്കാൻ നിരവധി സ്ഥലങ്ങളിൽ ഉപദേശിച്ചിട്ടുണ്ട്. എല്ലാ നന്മകളും പ്രാപിക്കാൻ തഖ്‌വായുടെ നിബന്ധന വെച്ചിരിക്കുന്നു.
- ☐ തഖ്‌വാ തന്നെയാണ് അല്ലാഹുവിനിഷ്ടം. തഖ്‌വാ തന്നെയാണ് എല്ലാ നന്മകളിലേക്കും നയിക്കുന്നത്. തഖ്‌വാതന്നെയാണ് ഭൗതിക മാലിന്യങ്ങളിൽനിന്ന് ശുദ്ധി നല്കുന്നത്. തഖ്‌വാ തന്നെയാണ് മനുഷ്യന്റെ ഭൗതികവും ആത്മീയവുമായ എല്ലാ ആവശ്യങ്ങളും പൂർത്തീകരിക്കുന്നത്. അതുകൊണ്ടുതന്നെ തഖ്‌വാ സ്വായത്തമാക്കുന്നത് ഒരു വിശ്വാസിയുടെ പ്രഥമകർത്തവ്യമായി മാറേണ്ടതാണ്.
- ☐ തഖ്‌വാ സകല ദീനി വിജ്ഞാനത്തിന്റെയും താക്കോലാകുന്നു. തഖ്‌വാ ഇല്ലാതെ ആർക്കും അത് പ്രാപിക്കാൻ സാധ്യമല്ല.
- ☐ വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾ പ്രാവർത്തികമാക്കുന്നവർ മഅ്രിഫത്ത് അഥവാ ദിവ്യജ്ഞാനത്തിന്റെ ഉന്നത സ്ഥാനത്തെത്തുന്നതാണ്.
- ☐ ശാസ്ത്രജ്ഞന്മാർ തങ്ങളുടെ തൃപ്തിക്കുവേണ്ടി ഗവേഷണം നടത്തുന്നു. അവർക്ക് തൃപ്തി ലഭിക്കുകയും ചെയ്യുന്നു. അത് ജനങ്ങളോടു പറയുകയും ചെയ്യുന്നു. എന്നാൽ, ഇവിടെ പറയുന്ന കെട്ടിപ്പടുത്ത സങ്കൽപത്തിനു ശേഷമുള്ള ഗവേഷണത്തിൽ ഏർപെടുന്നവർക്കെല്ലാം പ്രയോജനമെടുക്കാൻ കഴിയുന്നതാണ്. അതാണ് ഇസ്‌ലാമിന്റെ മേന്മ. ഇതാണ് ഈമാൻ ബിൽ ഗയ്ബിന്റെ യാഥാർഥ്യം.
- ☐ ‘ആർക്കാണോ തഖ്‌വാ കരസ്ഥമായത് അവന് സകല ലോകത്തിന്റെയും അനുഗ്രഹങ്ങൾ ലഭ്യമായി.’
- ☐ തഖ്‌വാ ഒരു ഔഷധമാകുന്നു. അത് ഉപയോഗപ്പെടുത്തിയാൽ എല്ലാ വിഷത്തിൽ നിന്നും രക്ഷപ്പെടാൻ കഴിയുന്നതാണ്. പക്ഷേ, തഖ്‌വാ തികവുറ്റതായിരിക്കണം.
- ☐ അതുകൊണ്ട് നമ്മുടെ ജമാഅത്ത് ഇത് വളരെ ഗൗരവപൂർവം ഓർക്കേണ്ടതാണ്. അല്ലാഹുവിനെ ഒരു അവസ്ഥയിലും മറക്കാൻ പാടില്ല. എല്ലാ സമയത്തും അവനോടു സഹായം ചോദിച്ചുകൊണ്ടിരിക്കണം. അതുകൂടാതെ മനുഷ്യൻ ഒന്നും തന്നെയല്ല.
- ☐ നല്ലവണ്ണം ഓർമവെക്കേണ്ടതാണ്, അല്ലാഹു സ്വയം സഹായിക്കുകയും തന്റെ കൃപകൊണ്ട് മുസ്വീബത്ത് നീക്കുകയും ചെയ്യാത്തിടത്തോളം ആരും ആരുടെ മുസ്വീബത്തിലും ഉപകാരപ്പെടുന്നതല്ല.
- ☐ ദൈവഭയം ഉണ്ടാകാത്തിടത്തോളം യഥാർഥ തഖ്‌വാ സ്വായത്തമാകുന്നതല്ല.
- ☐ ഈ റമളാനിൽനിന്ന് യഥാർഥ ഫലമെടുത്തുകൊണ്ട് തന്റെ തഖ്‌വായുടെ നിലവാരം അല്ലാഹു നമ്മളിൽനിന്ന് ആഗ്രഹിക്കുംവിധത്തിലുള്ള സ്ഥാനത്തെത്തിക്കാൻ ശ്രമിക്കുന്നവൻ ഭാഗ്യവാനാണ്.
- ☐ എന്തിനാണ് ഈ ഫിദ്‌യ നിശ്ചയിച്ചിരിക്കുന്നതെന്ന് ഒരിക്കൽ എന്റെ മനസ്സിൽ ചിന്തയുണ്ടായി. അത് അവസരം നല്കാൻ അതായത് നോമ്പെടുക്കാനുള്ള സൗഭാഗ്യം കിട്ടുന്നതിന് വേണ്ടിയാണെന്ന് മനസ്സിലായി.അല്ലാഹുവിന്റെ കല്പനകളെ അനുസരിക്കുന്നതാണ് യഥാർഥ തഖവാ.
- ☐ തീർച്ചയായും അല്ലാഹു എന്റെ ഉമ്മത്തിലെ രോഗികൾക്കും യാത്രക്കാർക്കും റമളാനിൽ നോമ്പെടുക്കാതിരിക്കുന്നത് സ്വദഖ എന്ന നിലയിൽ സാവകാശം നല്കിയിരിക്കുന്നു. ആരെങ്കിലും നിങ്ങൾക്ക് ഉപഹാരം തന്നാൽ അത് അയാൾക്കുതന്നെ തിരിച്ചുകൊടുക്കാൻ നിങ്ങൾ ആഗ്രഹിക്കുമോ?
- ☐ അല്ലാഹുവിന്റെ വഴിയിൽ തടവിൽക്കഴിയുന്നവർക്കുവേണ്ടി ദുആ ചെയ്യുക. മുസ്‌ലിം രാജ്യങ്ങൾക്കുവേണ്ടിയും പൊതുലോകത്തിന്റെ അവസ്ഥ നന്നായിത്തീരുന്നതിനുവേണ്ടിയും യുദ്ധങ്ങളുടെ കെടുതികളിൽനിന്ന് രക്ഷപെടുന്നതിനുവേണ്ടിയും ദുആ ചെയ്യാൻ ആഹ്വാനം.
- ☐ റമളാന്റെ അനുഗ്രഹങ്ങളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങളുടെ വെളിച്ചത്തിൽ തഖ്‌വാ കരസ്ഥമാകുന്നതിന്റെ വിവരണവും.

**ഖുത്ബ ജുമുഅ 2024 മാർച്ച് 15/1403 അമാൻ 15**
**മസ്ജിദ് മുബാറക്ക്, ഇസ്‌ലാമാബാദ്,യു.കെ**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

يٰۤاَيُّهَا الَّذِيْنَ اٰمَنُوْا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِيْنَ مِنْ قَبْلِكُمْ لَعَلَّكُمْ تَتَّقُوْنَ ۱۸۴

اَيَّامًا مَّعْدُوْدٰتٍ ؕ فَمَنْ كَانَ مِنْكُمْ مَّرِيْضًا اَوْ عَلٰى سَفَرٍ فَعِدَّةٌ مِّنْ اَيَّامٍ اُخَرَ ؕ وَعَلَى الَّذِيْنَ يُطِيْقُوْنَهٗ فِدْيَةٌ طَعَامُ مِسْكِيْنٍ ؕ فَمَنْ تَطَوَّعَ خَيْرًا فَهُوَ خَيْرٌ لَّهٗ ؕ وَاَنْ تَصُوْمُوْا خَيْرٌ لَّكُمْ اِنْ كُنْتُمْ تَعْلَمُوْنَ ۱۸۵

വിശ്വാസികളേ! നിങ്ങൾക്കു മുമ്പേയുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു; നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻവേണ്ടി. ഈ വ്രതാനുഷ്ഠാനം ചില നിശ്ചിത ദിവസങ്ങളിലാണ്. എന്നാൽ, നിങ്ങളിലാരെങ്കിലും രോഗിയോ യാത്രയിലോ ആയാൽ മറ്റു ദിവസങ്ങളിൽ എണ്ണം പൂർത്തീകരിച്ചുകൊള്ളട്ടെ. പ്രായശ്ചിത്തം നല്കാൻ കഴിവുള്ളവർ ഒരു അഗതിയുടെ ആഹാരം നല്കേണ്ടതാണ്. ഇനി ആരെങ്കിലും പൂർണമായ അനുസരണം പുലർത്തിക്കൊണ്ട് വല്ല നന്മയും ചെയ്യുന്നുവെങ്കിൽ അതയാൾക്ക് ഗുണകരമായിരിക്കും. നിങ്ങൾ കാര്യം ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നത് നിങ്ങൾക്ക് ഗുണകരമത്രെ. (2:184-185)

അല്ലാഹുവിന്റെ അനുഗ്രഹത്താൽ റമളാൻ മാസം ആരഭിച്ചു കഴിഞ്ഞിരിക്കുന്നു. നബി(സ)തിരുമേനി പറയുന്നു:

ഇത് വളരെ മഹത്തായ അനുഗൃഹീതമായ മാസമാകുന്നു.(സുനൻ നിസാഇ, കിതാബുസ്സൗം, ഹദീഥ് 2108)

ഈ മാസത്തിൽ അല്ലാഹു തന്റെ ദാസന്മാരെ അവന്റെ അനുഗ്രഹങ്ങൾകൊണ്ട് ധന്യരാക്കാൻ വളരെയേറെ ഔദാര്യം കാണിക്കുന്നു. അല്ലാഹു സാധാരണ ദിവസങ്ങളിലും നമ്മുടെ ചിന്തകൾക്കതീതമായി തന്റെ ദാസന്മാരെ അനുഗ്രഹിക്കുന്നു. ഈ മാസത്തിൽ പ്രത്യേകമായും ശയ്ത്വാനെ ബന്ധനസ്ഥനാക്കിക്കൊണ്ട് അവരെ അവന്റെ പിടിത്തത്തിൽനിന്ന് രക്ഷപ്പെടാനുള്ള സംവിധാനം ചെയ്യുന്നു. അപ്പോൾ അതിനെ എന്തിനോടാണ് ഉപമിക്കേണ്ടതെന്നതിനുള്ള വാക്കുകൾ കിട്ടുന്നില്ല. നമ്മൾ അല്ലാഹുവിലേക്ക് എപ്പോൾ മുന്നേറുമ്പോഴും അവന്റെ ഔദാര്യത്തിന്റെ കവാടങ്ങൾ നേരത്തേതിലും തുറന്ന നിലയിൽ കാണാൻ കഴിയുന്നതാണ്. ചുരുക്കത്തിൽ ഈ മാസം അല്ലാഹു തന്റെ ഔദാര്യങ്ങൾകൊണ്ടനുഗ്രഹിക്കുന്നതിനുവേണ്ടി നിശ്ചയിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ഇബാദത്തുകളിൽ കഴിഞ്ഞ ദിവസങ്ങളിൽ നമ്മൾ കാണിച്ച അലസതകൾ, നഫ്ലുകൾ അതായത് ഐച്ഛിക കർമങ്ങളനുഷ്ഠിക്കുന്നതിൽ കാണിച്ച അലസതകൾ, വിശുദ്ധ ഖുർആൻ പാരായണത്തിലും അത് മനസ്സിലാക്കുന്നതിലും കാണിച്ച അലസതകൾ, ഖുർആനിക പാഠങ്ങൾ പ്രാവർത്തികമാക്കുന്നതിൽ കാണിച്ച അലസതകൾക്കൊക്കെ പകരമായി ഈ മാസത്തിൽ നിർബന്ധകടമകളും ഐച്ഛിക കർമങ്ങളും പ്രത്യേകമായ രീതിയിൽ അനുഷ്ഠിക്കാനുള്ള അന്തരീക്ഷമൊരുക്കിത്തന്നിരിക്കുകയാണ്. അതുകൊണ്ട് പ്രയോജനമെടുക്കുക.

മസ്ജിദുകളിലും എം.ടി.എ ചാനലിലും ദർസിനുള്ള സംവിധാനമുണ്ട്. അതിൽനിന്ന് ഫലമെടുക്കേണ്ടതാണ്. അല്ലാഹുവിന്റെ സാമീപ്യം അന്വേഷിക്കേണ്ടതാണ്.

പിന്നീട് ഈ അന്തരീക്ഷത്തിന്റെ പ്രഭാവത്തെ നമ്മൾ ജീവിതത്തിന്റെ സ്ഥായിയായ ഭാഗമാക്കേണ്ടതാണ്. അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടേയും ഔദാര്യങ്ങളുടെയും സ്ഥായിയായ അവകാശികളായി നമ്മൾ മാറാൻ ശ്രമിക്കേണ്ടതാണ്. അതുകൊണ്ട് അല്ലാഹു പറയുന്നത് ഈ അന്തരീക്ഷത്തിൽനിന്ന് പ്രയോജനമെടുക്കാൻ ശ്രമിച്ചുകൊണ്ട് എന്നിലേക്ക് വരിക എന്നാണ്. അല്ലാഹുവിന് തന്റെ ദാസൻ അവന്റെ അടുക്കൽ വരുമ്പോഴുണ്ടാകുന്ന സന്തോഷത്തെ പറ്റി നബി (സ)തിരുമേനിയുടെ ഒരു പ്രസ്താവനയിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നതാണ്. നബി (സ)തിരുമേനി പറയുന്നു:

ഒരു മാതാവിന് തന്റെ നഷ്ടപ്പെട്ട കുട്ടിയെ കിട്ടുന്നതിനേക്കാളും സന്തോഷം അല്ലാഹുവിന് തന്റെ നഷ്ടപ്പെട്ട ദാസനെ കിട്ടുമ്പോൾ ഉണ്ടാകുന്നു.(സ്വഹീഹുൽ ബുഖാരി, കിതാബുൽ അദബ്, ഹദീഥ് 5999, സ്വഹീഹുൽ ബുഖാരി, കിതാബുദ്ദഅ്വാത്ത് ബാബുതൗബത്തി, ഹദീഥ് 6308)

അതായത് അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമ നിർവഹിക്കാത്തവർ അല്ലെങ്കിൽ യഥാവിധി നിർവഹിക്കാത്തവർ, അതിൽ അലസത കാണിക്കുന്നവർ യഥാർഥത്തിൽ അത് യഥോചിതം നിർവഹിക്കുന്നവരായിത്തീരുമ്പോൾ അല്ലാഹുവിന്റെ സന്തോഷത്തിന് പരിധിയുണ്ടാകുകയില്ല. അല്ലാഹുവിന്റെ സത്ത എന്നു പറയുന്നത് അവൻ തന്റെ ദാസരിൽ സന്തോഷിക്കുമ്പോൾ അവന് എത്രമാത്രം കനിഞ്ഞ് നല്കുന്നുവെന്നാൽ അതിന് പരിധിയുണ്ടാകുകയില്ല. അതുകൊണ്ട് നമ്മൾ റമളാന്റെ അന്തരീക്ഷത്തിൽനിന്ന് ഫലമെടുത്തുകൊണ്ട് യഥാർഥ നിലയിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുക്കുന്നവരായിത്തീരുമ്പോൾ നമ്മൾ തന്നെയായിരിക്കും സൗഭാഗ്യവാന്മാർ!

ഞാൻ പാരായണം ചെയ്ത ആയത്തുകളിൽ അല്ലാഹു തഖ്‌വായിൽ ചരിച്ചുകൊണ്ട് അവന്റെ കല്പനകളിൽ പദമൂന്നാൻ ശ്രദ്ധ ക്ഷണിക്കുമ്പോൾത്തന്നെ വ്രതാനുഷ്ഠാനത്തെപ്പറ്റി ചില കല്പനകളെപ്പറ്റിയും ഓർമപ്പെടുത്തുന്നുണ്ട്. അതിനാൽ നമ്മൾ സൗഭാഗ്യവാന്മാരാകുന്നു. അല്ലാഹു, നബി(സ)തിരുമേനി മുഖേന നമുക്ക് യുക്തിഭദ്രമായ ഗ്രന്ഥം നല്കിക്കൊണ്ട് അവന്റെ സമീപസ്ഥരാകാനും അവന്റെ സാമീപ്യം കരസ്ഥമാക്കാനുള്ള വഴികളിലൂടെ ചരിക്കാനും അവസരം തന്നിരിക്കുന്നു. ഈ ആദ്യ ആയത്തിലെ പ്രഥമ അധ്യാപനത്തിൽത്തന്നെ നമ്മളോട് വിനയമായ മാർഗങ്ങളിലൂടെ ചരിക്കാൻ ശ്രദ്ധക്ഷണിക്കുന്നുണ്ട്. വിനയമായ മാർഗങ്ങളിലൂടെ ചരിക്കാനുള്ള ഉപദേശം ഇങ്ങനെ നല്കുന്നു: അതായത്, നിങ്ങൾ നോമ്പനുഷ്ഠിക്കുന്നത് നിങ്ങളുടെമാത്രം പ്രത്യേകതയൊന്നും അല്ല. മറിച്ച് നിങ്ങൾക്ക് മുമ്പേയുള്ളവർക്കും നോമ്പ് നിർബന്ധമാക്കിയിരുന്നു. അവരുടെ നോമ്പിന്റെ രീതിയിൽ വ്യത്യാസമുണ്ടായിരിക്കാം. പക്ഷേ, നോമ്പ് അവർക്കും നിർബന്ധമാക്കിയിരുന്നു. അതിന്റെ ലക്ഷ്യം അവർ തഖ്‌വായിൽ ചരിക്കണമെന്നതായിരുന്നു. നോമ്പിന്റെ ഈ ലക്ഷ്യം നിങ്ങൾക്കുമുള്ളത് തഖ്‌വായിൽ ചരിക്കണമെന്നതുതന്നെയാണ്. അതായത് ഒരു പട്ടാളക്കാരൻ, തന്നെ പരിചയുടെ പിന്നിൽനിറുത്തി സ്വരക്ഷയ്ക്ക് ശ്രമിക്കുകയും തന്നെ രക്ഷിക്കുന്നതോടൊപ്പം ശത്രുവിനെ ആക്രമിക്കുകയും ചെയ്യുന്നു. അതുപോലെ നിങ്ങൾ തെറ്റായ കാര്യങ്ങളിൽനിന്ന് രക്ഷപ്പെടുകയും നന്മയെ സ്വായത്തമാക്കുകയും പാപങ്ങളിൽ നിന്നും അനാവശ്യ കാര്യങ്ങളിൽനിന്നും സ്വയം രക്ഷിക്കുകയും വേണം. അപ്പോൾ നിങ്ങൾ തഖ്‌വായിൽ ചരിക്കുകയാണെങ്കിൽ സ്വയം രക്ഷപ്പെടുകമാത്രമല്ലചെയ്യുന്നത് പ്രത്യുത സാത്താനും സാത്താനിക ചിന്തകൾക്കുനേരെയും പൊരുതിക്കൊണ്ട് അവനെ വധിക്കുകയുമാണ്. തഖ്‌വായിലൂടെ ചരിച്ചുകൊണ്ട് നോമ്പിനോടുള്ള കടമകൾ പൂർത്തിയാക്കാനുള്ള മാർഗം ഇതുതന്നെയാകുന്നു. അതല്ലെങ്കിൽ നബി(സ)തിരുമേനി പറയുന്നു:

നിങ്ങൾ പട്ടിണി കിടക്കണമെന്ന് അല്ലാഹുവിന് ഒരു ആഗ്രഹവുമില്ല.(സ്വഹീഹ് ബുഖാരി, കിതാബുസ്സൗം, ഹദീഥ് 1903)

യഥാർഥ ഉദ്ദേശ്യം തഖ്‌വാ ഉണ്ടാക്കുക എന്നതാണ്. ഇതില്ലെങ്കിൽ നോമ്പിന്റെ ഉദ്ദേശ്യം മരിച്ചുപോകുന്നു.

ഇന്നത്തെ മുസ്‌ലിമീങ്ങളിൽ ബഹുഭൂരിഭാഗത്തിനും പട്ടിണികിടക്കുന്ന കാര്യവും ഇല്ലാതായിരിക്കുന്നു. പ്രത്യേകിച്ചും ധനാഢ്യർ അത്താഴവും നോമ്പുതുറയും വളരെ ഒരുക്കത്തോടുകൂടി ചെയ്യുന്നു. അതേസമയം വളരെ പ്രയാസപ്പെട്ട് അത്താഴത്തിനും നോമ്പുതുറക്കും സൗകര്യമുള്ള സാധുക്കളാണെങ്കിലും അവർ തഖ്‌വായുടെ മാർഗങ്ങൾ അന്വേഷിക്കുന്നവരാകുകയും തങ്ങളുടെ ഇബാദത്തുകളെ നല്ല നിലയിൽ അനുഷ്ഠിക്കുന്നവരാകുകയും ചെയ്യുന്നു. അങ്ങനെവരുമ്പോഴാണ് ഭക്ഷണം കഴിക്കുന്നതിൽനിന്നും വെള്ളം കുടിക്കുന്നതിൽനിന്നുമൊക്കെ മാറി നിൽക്കുന്നത് അല്ലാഹുവിന്റെ പക്കൽ സ്വീകരിക്കപ്പെടുന്നത്. ഇവിടെ ഒരു കാര്യംകൂടി ഓർമിപ്പിക്കട്ടെ. ധനാഢ്യർ തങ്ങളുടെ പ്രദേശത്തുള്ള സാധുക്കളുടെ കാര്യങ്ങൾ റമളാനിൽ പ്രത്യേകമായി അന്വേഷിക്കുകയും നോമ്പുതുറകളിൽ ധനാഢ്യരെ മാത്രം ഒരുമിച്ചുകൂട്ടി സന്തോഷിക്കാതെ ദരിദ്രരായ ആളുകളുടെ നോമ്പുതുറക്കുള്ള സംവിധാനവും ചെയ്യുക. വൻഇഫ്താറുകളെ ഞാൻ അനുകൂലിക്കുന്നില്ല. ഇതിപ്പോൾ മറ്റുള്ളവരെ കാണിക്കാനുള്ളതിന്റേയും അനാചാരത്തിന്റേയും നിറംപിടിച്ചതായി മാറിയിരിക്കുന്നു.

റമളാനിൽ വിശുദ്ധ ഖുർആൻ പഠിക്കാനും പഠിപ്പിക്കാനും കേൾക്കാനും കേൾപ്പിക്കാനും കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. ദിക്റെ ഇലാഹിയിൽ കൂടുതൽ ശ്രദ്ധിക്കണം. ഇബാദത്തുകളിൽ കൂടുതലായി ശ്രദ്ധ ചെലുത്തണം. എന്നാൽ, ഇതിനു വിപരീതമായി വിവിധ ജോലികൾ ചെയ്യുന്നയാളുകൾ തങ്ങളുടെ ജോലികളിൽനിന്നുതിരിച്ചെത്തി ഇഫ്താർ പാർട്ടികളിലെ ഭക്ഷണത്തിൽ വ്യാപൃതരാകുന്നു. ഇഫ്താർ പാർട്ടികൾ നടത്തുന്നവരും വിശുദ്ധഖുർആനും ഹദീഥുകളും പാരായണം ചെയ്യുന്നതിനും ദിക്റെ ഇലാഹി യിൽ മുഴുകുന്നതിനും ഇബാദത്തുകളിൽ ശ്രദ്ധിക്കുന്നതിനും പകരം, എങ്ങനെയാണ് ഏറ്റവും നല്ല ഇഫ്താർ പാർട്ടി സംഘടിപ്പിക്കുകയെന്നതിലും ഏറ്റവും നല്ല ഇഫ്താർ തയ്യാറാക്കുന്നതിലും അങ്ങനെ വളരെ നല്ല ഇഫ്താർപാർട്ടി തയ്യാറാക്കി എന്ന് ആളുകളെക്കൊണ്ടു പറയിപ്പിക്കുന്നതിനുള്ള സാഹചര്യമൊരുക്കുന്നതിലുമാണ് ശ്രദ്ധിക്കുന്നത്. ഇതൊന്നും റമളാന്റെ ലക്ഷ്യങ്ങളല്ല. ഇതെല്ലാം തഖ്‌വായിൽനിന്ന് അകറ്റുന്ന കാര്യങ്ങളാകുന്നു.

അതിനാൽ പരിചകൊണ്ട് ശരിയായി ഫലമെടുക്കണമെങ്കിൽ പരിച ശരിയായി ഉപയോഗിക്കേണ്ടതും അനിവാര്യമാകുന്നു. അതല്ലെങ്കിൽ ശയ്ത്വാൻ ഇടത്തുനിന്നും വലത്തുനിന്നും മുന്നിൽനിന്നും പിന്നിൽനിന്നുമൊക്കെ ആക്രമിക്കുന്നതാണ്. ഇതിൽനിന്ന് എങ്ങനെ രക്ഷപ്പെടാനാണ്? പിന്നെ ഈശയ്ത്വാൻ മനുഷ്യന് മാരകമായ പരിക്കേല്പിക്കാനുമിടയുണ്ട്. ആയതിനാൽ നമ്മൾ റമളാനിലെ നോമ്പ് യഥാവിധി അനുഷ്ഠിക്കാൻ ശ്രമിക്കേണ്ടതാണ്. തഖ്‌വാ എന്ന യഥാർഥ ലക്ഷ്യം കൈവരിക്കാൻ പരിശ്രമിക്കേണ്ടതാണ്.

അല്ലാഹുവിനുവേണ്ടി അനുവദനീയമായ കാര്യങ്ങളിൽനിന്നു വിട്ടുനിൽക്കുമ്പോൾ തീർച്ചയായും അല്ലാഹുവിന്റെ കാരുണ്യകടാക്ഷം നമുക്കുമേൽ ഉണ്ടാകുന്നതാണ്. അല്ലാഹു നമ്മുടെ ശയ്ത്വാനെയും ബന്ധനസ്ഥനാക്കുന്നതാണ്. നന്മയുടെ വിശാലമായ മൈതാനം ഒരുവിധ തടസ്സവുമില്ലാതെ നമുക്ക് താങ്ങാൻ കഴിയുന്നതാണ്. ഇബാദത്തുകളുടെയും ദിക്റെ ഇലാഹിയുടേയും കോട്ട അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മളെ സാത്താനിക ആക്രമങ്ങളിൽ നിന്നും തടസ്സങ്ങളിൽനിന്നും രക്ഷിക്കുന്നതുമാണ്.

ശയ്ത്വാനെ നിസ്സാരനായി ഗണിക്കരുത്. അവൻ വലിയ ചാലഞ്ച് ചെയ്തുകൊണ്ട് അല്ലാഹുവിന്റെ ദാസന്മാരിൽ ഭൂരിഭാഗവും തന്റെ പ്രേരണയിൽ അകപ്പെട്ട് തന്റെ പിന്നാലെ നീങ്ങുമെന്ന് പറഞ്ഞിരുന്നു. ചുരുക്കത്തിൽ നമ്മൾ റമളാനിൽ അവന്റെ ചാലഞ്ചിനെ നേരിടേണ്ടതാണ്. പിന്നെ നമ്മൾ ഇബാദത്തുകളും ഖുർആനിക പാഠങ്ങൾ പ്രാവർത്തികമാക്കുന്നതുമായ ആയുധംകൊണ്ട് എപ്പോഴും ശയ്ത്വാനുനേരെ പടപൊരുതിക്കൊണ്ടിരിക്കുകയും വേണം.

ഹദ്റത്ത മസീഹ് മൗഊദ്(അ)നോമ്പിന്റെ യാഥാർഥ്യത്തെ പറ്റി ഒരിടത്തു പറയുന്നു:

നോമ്പിന്റെ യാഥാർഥ്യത്തെ കുറിച്ച് ജനങ്ങൾ ബോധവാന്മാരല്ല. വാസ്തവത്തിൽ താൻ പോകാത്ത രാജ്യത്തെ കുറിച്ചും തനിക്കറിവില്ലാത്ത ലോകത്തെ സംബന്ധിച്ചും ഒരാൾക്കെന്താണ് പറയാൻ കഴിയുക? നോമ്പിൽ മനുഷ്യൻ വിശന്നും ദാഹിച്ചുമിരിക്കുക എന്നതു മാത്രമല്ല. പ്രത്യുത അതിന് ഒരു യാഥാർഥ്യവും ഒരു സ്വാധീനവുമുണ്ട്. അത് അനുഭവത്തിലൂടെയാണ് അറിയാൻ കഴിയുന്നത്. മനുഷ്യപ്രകൃതത്തിൽ എത്രമാത്രം ഭക്ഷണം കുറവ് കഴിക്കുന്നുവോ അത്രമാത്രം ആത്മശുദ്ധി ഉണ്ടാകുകയും കശ്ഫുകൾ അതായത് ജാഗ്ര ദർശനശക്തികൾ വർധിക്കുകയും ചെയ്യുന്നുവെന്ന സവിശേഷതയുണ്ട്. എന്നാൽ, ദൗർഭാഗ്യമെന്ന് പറയട്ടെ, ഇന്നു തിന്നുന്നതിന്റേയും കുടിക്കുന്നതിന്റേയും പേരാണ് നോമ്പ്.

അദ്ദേഹം പറയുന്നു:

അല്ലാഹു ഇതുകൊണ്ട് അഥവാ നോമ്പുകൊണ്ടുദ്ദേശിക്കുന്നത്, ഒരു ഭക്ഷണം കുറച്ചുകൊണ്ട് രണ്ടാമത്തേത് വർധിപ്പിക്കണമെന്നാണ്. പട്ടിണി കിടക്കുക എന്നതുമാത്രമല്ല ഉദ്ദേശ്യമെ ന്ന് നോമ്പുകാരനെപ്പോഴും ഓർക്കേണ്ടതാണ്. മറിച്ച് അയാൾ ദൈവസ്മരണയിൽ വ്യാപൃതനാകുകയും അങ്ങനെ ഭൗതിക വിരക്തിയും വിടുതലും കരസ്ഥമാക്കുകയും വേണം. അതായത് അല്ലാഹുവിലേക്ക് ശ്രദ്ധയുണ്ടാകുകയും ഭൗതികതയോടു വിരക്തി ഉണ്ടാകുകയും വേണം. ചുരുക്കത്തിൽ നോമ്പുകൊണ്ടുള്ള ഉദ്ദേശ്യം ശരീരത്തെ പരിപാലിക്കുന്ന ഭക്ഷണമൊഴിവാക്കി ആത്മാവിന് സമാധാനവും സംതൃപ്തിയും പ്രദാനംചെയ്യാനുള്ള ഭക്ഷണം കരസ്ഥമാക്കുകയും ചെയ്യുക എന്നാകുന്നു. അല്ലാഹുവിനെ മുൻ നിറുത്തിമാത്രം നോമ്പെടുക്കുന്നവർ ആചാരമെന്ന നിലയ്ക്ക് നോമ്പെടുക്കുന്നവരല്ല. അവർ അല്ലാഹുവിന്റെ ഹംദ് (സ്തുതി) തസ്ബീഹ് (സ്തോത്രം) തഹ്‌ലീൽ (ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് പറയൽ)എന്നിവയിൽ കഴിച്ചുകൂട്ടുന്നു. രണ്ടാമത്തെ ഭക്ഷണം ലഭിക്കുന്നത് അങ്ങനെയാണ്.(മൽഫൂദാത്ത് വാല്യം 9, പേജ് 122-123, 1984 പതിപ്പ്)

അതുകൊണ്ട് റമളാനിൽ വിശുദ്ധ ഖുർആൻ പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നതോടൊപ്പം ഇബാദത്തുകളും ദൈവസ്മരണയും വളരെ അനിവാര്യമാകുന്നു. മനസ്സ് അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടിരിക്കണം.

അവനെ വാഴ്ത്തി(തസ്ബീഹ് ചെയ്തു)കൊണ്ടിരിക്കണം. ഇതിന് ഹദ്റത്ത് മസീഹ് മൗഊദ് (അ)ഒരു ഇൽഹാമി ദുആയും പറഞ്ഞു തന്നിട്ടുണ്ട്:സുബ്ഹാനല്ലാഹി വബിഹംദിഹി സുബ്ഹാനല്ലാഹിൽ അളീം അല്ലാഹുമ്മ സ്വല്ലിഅലാ മുഹമ്മദിൻ വ ആലി മുഹമ്മദ് ഇതു വളരെ പ്രധാനപ്പെട്ട ഒരു ദുആ ആകുന്നു.(തിർയാഖുൽഖുലൂബ്, റൂഹാനീ ഖസാഇൻ വാല്യം 15, പേജ് 208)

നബി(സ)തിരുമേനിയുടെ മാധ്യസ്ഥം ദുആകൾ സ്വീകരിക്കപ്പെടാൻ അനിവാര്യമാകുന്നു. അത് അല്ലാഹുവിന്റെ കൽപ്പനയാണ്. അതുപോലെ തഹ്‌ലീൽ അഥവാ ലാഇലാഹഇല്ലല്ലാഹ് എന്ന് ഉരുവിടലും വളരെ അനിവാര്യമാകുന്നു. ഈ മർഗത്തിലൂടെ തന്നെയാണ് തഖ്‌വായിൽ മുന്നേറാൻ കഴിയുന്നത്. അത് ദുആ സ്വീകാര്യതയുടെ വളരെ പ്രധാനപ്പെട്ട കാര്യമാകുന്നു. ചുരുക്കത്തിൽ ഇക്കാര്യത്തിലേക്ക് നമ്മൾ പ്രത്യേകമായും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

അല്ലാഹു വിശുദ്ധ ഖുർആനിൽ തഖ്‌വായിലൂടെ ചരിക്കാൻ നിരവധി സ്ഥലങ്ങളിൽ ഉപദേശിച്ചിട്ടുണ്ട്. എല്ലാ നന്മകളും പ്രാപിക്കാൻ തഖ്‌വായുടെ നിബന്ധന വെച്ചിരിക്കുന്നു. ആയതിനാൽ ഇക്കാര്യത്തിൽ വളരെയേറെ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നിരവധി സ്ഥലങ്ങളിൽ മറിച്ച് ഏറെക്കുറേ എല്ലാ സദസ്സുകളിലും ഇക്കാര്യത്തിൽ ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഒരു ഈരടിയുണ്ട്:

*ഹർ ഇക് നേക്കീ ക ജഡ് യെ ഇത്തിഖാ ഹെ*

(എല്ലാനന്മയുടേയും വേര് ഈ തഖ്‌വായാകുന്നു)

ഉടനെതന്നെ അല്ലാഹുവിൽനിന്ന് അടുത്ത വരി ഇൽഹാമുണ്ടായി:

*അഗർ യെ ജഡ് രഹി സബ് കുഛ് രഹാ ഹെ*

(ഈ വേര് നിലനിന്നാൽ എല്ലാം നിലനില്ക്കുന്നതാണ്.)

(മൽഫൂദാത്ത്, വാല്യം 4, പേജ് 48, 1984 പതിപ്പ്)

അതിനാൽ തഖ്‌വാ തന്നെയാണ് അല്ലാഹുവിനിഷ്ടം. തഖ്‌വാ തന്നെയാണ് എല്ലാ നന്മകളിലേക്കും നയിക്കുന്നത്. തഖ്‌വാതന്നെയാണ് ഭൗതിക മാലിന്യങ്ങളിൽനിന്ന് ശുദ്ധി നല്കുന്നത്. തഖ്‌വാ തന്നെയാണ് മനുഷ്യന്റെ ഭൗതികവും ആത്മീയവുമായ എല്ലാ ആവശ്യങ്ങളും പൂർത്തീകരിക്കുന്നത്. അതുകൊണ്ടു തന്നെ തഖ്‌വാ സ്വായത്തമാക്കുന്നത് ഒരു വിശ്വാസിയുടെ പ്രഥമകർത്തവ്യമായി മാറേണ്ടതാണ്.

ഞാൻ പറഞ്ഞുവന്നതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ)തഖ്‌വാ എന്ന വിഷയത്തെ വിവിധ തലത്തിൽ നിരവധി സ്ഥലങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ചില അധ്യാപനങ്ങളും ഇത് സംബന്ധിച്ച് കേൾപ്പിക്കാം. അദ്ദേഹം പറയുന്നു:

വിശുദ്ധ ഖുർആൻ ആദ്യമെതന്നെ പറയുന്നു: ഹുദൻല്ലിൽമുത്തഖീൻ വിശുദ്ധ ഖുർആനിനെ മനസ്സിലാക്കാനും അതനുസരിച്ച് സന്മാർഗം കരസ്ഥമാക്കാനും തഖ്‌വാ അനിവാര്യമാകുന്നു. അതുപോലെ മറ്റൊരിടത്ത് പറയുന്നു: ലാ യമസ്സുഹൂ ഇല്ലൽമുത്വഹ്ഹറൂൻ(56:80)പരിശുദ്ധരാക്കപ്പെട്ടവരല്ലാതെ ഇത് സ്പർശിക്കുകയില്ല. മറ്റു അറിവുകൾ കരസ്ഥമാക്കാൻ ഇങ്ങനെയൊരു നിബന്ധനയില്ല. ഊർജ തന്ത്രം, ഗണിത ശാസ്ത്രം, ഗോള ശാസ്ത്രം തുടങ്ങി മറ്റു വിഷയങ്ങൾക്കൊന്നും അത് പഠിക്കുന്നവൻ തീർചയായും മുത്തഖിയും ദോഷങ്ങളിൽനിന്ന് വിട്ടുനിൽക്കുന്നവനുമകണമെന്ന് നിബന്ധനയില്ല. മറിച്ച് എത്ര ധിക്കാരിയും ദുർനടപ്പുകാരനും ആണെങ്കിൽ പോലും അതൊക്കെ പഠിച്ചെടുക്കാവുന്നതാണ്. മാത്രമല്ല ഇന്ന് ഇത്തരക്കാർ ഈ വിഷയങ്ങളിലെല്ലാം ഏറെ മുന്നേറിയിട്ടുണ്ട്. പറയുന്നു: എന്നാൽ, ദീനി വിജ്ഞാനത്തിൽ ശുഷ്കമായി തർക്കിക്കുന്ന തത്ത്വജ്ഞാനിക്ക് പുരോഗതി നേടാൻ സാധ്യമല്ല. മനസ്സ് മലിനമായവനും തഖ്‌വായുടെ അംശമില്ലാത്തവനുമേൽ അതിന്റെ യാഥാർഥ്യവും ദിവ്യജ്ഞാനങ്ങളും തുറക്കുന്നതല്ല. ദീനീപരമായജ്ഞാനവും യാഥാർഥ്യങ്ങളും അവന്റെ വായിലൂടെ നിർഗമിക്കുന്നുവെന്ന് പറയുന്നത് കള്ളമാണ്. ഒരിക്കലുമൊരിക്കലും അവന് ദീനിപരമായ യാഥാർഥ്യങ്ങളിൽനിന്നും ദിവ്യജ്ഞാനങ്ങളിൽ നിന്നും അംശം പറ്റാൻ കഴിയില്ല. പ്രത്യുത ദീനിന്റെ സൂക്ഷമതയ്ക്കും ജ്ഞാനങ്ങൾക്കും മുത്തഖി ആകേണ്ടത് നിബന്ധനയാകുന്നു. ഒരു ഫാർസി ഈരടിയുണ്ട്.

അറൂസെ ഹദ്റത്തെ ഖുർആൻ നഖാബ് ആൻഗഹ് ബർ ദാറദ്

കെ ദാറുൽമുൽക് മഅ്നെ റാ കുനദ് കാലീ സിഹ്റ ഗൗഗാ

(ഉള്ളിലുള്ള നാടിനെ എല്ലാതരം ബഹളങ്ങളിൽനിന്നും ഒച്ചപ്പാടുകളിൽനിന്നും കാലിയാക്കുമ്പോഴാണ് ഖുർഖാനാകുന്ന വധു മൂടുപടം അഴിച്ചുമാറ്റുന്നത്)

അദ്ദേഹം തുടരുന്നു, ഈ കാര്യങ്ങൾ ഉണ്ടാകാതിരിക്കുകയും ഉള്ളിലെ നാട്ടിൽനിന്ന് ഭൗതിക മാലിന്യങ്ങൾ അകന്നുപോയി പരിശുദ്ധമാകുകയും ചെയ്യേണ്ടത് അനിവാര്യമാകുന്നു. ജ്ഞാനങ്ങളിൽ നിന്ന് അത് ശുദ്ധമാക്കുന്നില്ലെങ്കിൽ ഒരുവിധ പ്രയോജനവുമില്ല.

പറയുന്നു;

ഗൗഗാ(ബഹളം) എന്താണ്? ധിക്കാരവും ദുർവൃത്തിയും തന്നെ. ഗൗഗാ അഥവാ ബഹളം എന്നതിന്റെ വിവക്ഷിതം മാലിന്യവും ധിക്കാരവും ദുർവൃത്തിയും ഭൗതികേച്ഛയും ആകുന്നു. ഇനി മൊല്ലാക്കളെപോലെ എന്തെങ്കിലും പറയിച്ചാൽ പറയുന്നത് വേറെ കാര്യം. അതായത് ഇത്തരം വ്യക്തി വല്ല നന്മയുടെ കാര്യവും പറയുന്നുവെങ്കിൽത്തന്നെ അത് മറ്റുള്ളവരിൽ നിന്ന് മോഷ്ടിച്ച കാര്യമായിരിക്കും. തന്റേതായിരിക്കുകയില്ല. എന്നാൽ, പരിശുദ്ധാത്മാവുകൊണ്ട് സംസാരിക്കുന്നവൻ തഖ്‌വയില്ലാതെ സംസാരിക്കുന്നതല്ല.

നല്ലപോലെ ഓർക്കുക, തഖ്‌വാ സകല ദീനി വിജ്ഞാനത്തിന്റെയും താക്കോലാകുന്നു. ത

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക (സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാല്യം 1, പേജ് 64)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

ത്വാലിബെ ദുആ:
P.ABDUL AMEER
AHMADIYYA MUSLIM JAMAATH, MANJERI

ഖ്‌വാ ഇല്ലാതെ ആർക്കും അത് പ്രാപിക്കാൻ സാധ്യമല്ല. അല്ലാഹു പറയുന്നു:അലിഫ് ലാം മീം ദാലിക്കൽ കിതാബു ലാ റയ്ബ ഫീഹി ഹുദൻല്ലിൽ മുത്തഖീൻ(2:2-3)ഈ ഗ്രന്ഥം തഖ്‌വാ കൈക്കൊള്ളുന്നവർക്ക് സന്മാർഗം നല്കുന്നതാണ്. അതാരാണ്? അല്ലദീന യുഅ്മിനൂന ബിൽഗയ്ബി അതായത് അദൃശ്യത്തിൽ വിശ്വസിക്കുന്നവർ. ഇപ്പോൾ അല്ലാഹുവിനെ കാണുന്നില്ലെങ്കിലും അവർക്ക് അല്ലാഹുവിനെ വിശ്വാസമുണ്ടായിരിക്കും. അനുഭവജ്ഞാനമില്ലാതിരുന്നിട്ടും അവർ അല്ലാഹു ഉണ്ടെന്ന് വിശ്വസിക്കുന്നു. അവർ നമസ്കാരത്തെ നിലനിറുത്തുന്നു. അതായത് നമസ്കാരത്തിൽ ഇപ്പോഴും പൂർണമായ ആനന്ദവും അഭിരുചിയും ഉണ്ടായിട്ടില്ല. നിലനിറുത്തുക എന്നതിന്റെ വിവക്ഷിതം പൂർണമായ ആനന്ദവും അഭിരുചിയും ഉണ്ടായിട്ടില്ലെങ്കിലും ആനന്ദവും താൽപര്യവും ഇല്ലാതെയും സംശയഗ്രസ്ഥമായ നിലയിലും നമസ്കാരത്തെ നിലനിറുത്തുന്നു. നാം അവർക്ക് നല്കിയതിൽനിന്ന് ചെലവഴിക്കുകയും ചെയ്യുന്നു. നിന്നിലും നിനക്ക് മുമ്പേയുള്ളവരിലും ഇറക്കപ്പെട്ടതിൽ വിശ്വസിക്കുകയും ചെയ്യുന്നു. അദ്ദേഹം പറയുന്നു:ഇത് മുത്തഖിയുടെ പ്രാരംഭ ഘട്ടങ്ങളും സവിശേഷതയുമാണ്. ഈ വിശ്വാസകാര്യങ്ങൾ അവരിലുണ്ടായിരിക്കണം. അദൃശ്യത്തിലുള്ള വിശ്വാസവും നമസ്കാരം നിലനിറുത്തുന്നതുമെല്ലാം പ്രാരംഭ കാര്യങ്ങളാകുന്നു. പറയുന്നു: അല്ലാഹുവിൽ വിശ്വസിക്കുകയും നമസ്കരിക്കുകയും ചെലവഴിക്കുകയും അതുപോലെ അല്ലാഹുവിന്റെ ഗ്രന്ഥങ്ങളിൽ വിശ്വസിക്കുകയും ചെയ്തിരിക്കേ പിന്നെ എന്ത് സന്മാർഗമാണ് ഇതെന്ന് അന്വേഷിക്കുന്നവരുണ്ട്. അതെല്ലാം നേരത്തെതന്നെ ചെയ്യുന്നുണ്ട്. ഇനി ഇത് മുന്നോട്ട് പാരായണം ചെയ്യേണ്ട(പഠിക്കേണ്ട)കാര്യമെന്താണ്! ഇത് കിട്ടിയതുതന്നെ വീണ്ടും കിട്ടുകയാണല്ലോ? പറയുന്നു; ഇതിനുള്ള മറുപടി എന്തെന്നാൽ, ഈ വാചകങ്ങളും ഈ വാക്കുകളും അത് പറഞ്ഞതലംവരെ മാത്രമായാൽ അത് ഒരാൾക്ക് ദൈവ സായൂജ്യവും തികവാർന്ന ദിവ്യജ്ഞാനം കിട്ടിയതിന്റേയും തെളിവല്ല. അത് അല്ലാഹു പറഞ്ഞ കാര്യങ്ങളാണ്, അത് തീർചയായും ചെയ്യണം. പക്ഷേ, അത് അയാളുടെ തികവിനുള്ള സാക്ഷ്യമല്ല. അത് അയാളുടെ ആത്യന്തിക ലക്ഷ്യസാക്ഷാൽക്കാരവുമല്ല. ഇതെല്ലാം പ്രാരംഭ കാര്യങ്ങളാകുന്നു. അതായത് അല്ലാഹുവിലും അദൃശ്യകാര്യങ്ങളിലും വിശ്വസിക്കുകയും നമസ്കാരം നിലനിറുത്തുകയും അത് നഷ്ടപ്പെടുമ്പോൾ ശ്രദ്ധിക്കുകയും എന്തെങ്കിലും ചെലവഴിക്കുകയും ചെയ്യുന്നതെല്ലാം നന്മകളിലേക്ക് നയിക്കാനുള്ള പ്രാരംഭ കാര്യങ്ങൾ മാത്രമാകുന്നു. പറയുന്നു: ഹിദായത്ത് അതായത് സന്മാർഗത്തിന്റെ പാരമ്യം യുഅ്മിനൂന ബിൽഗയ്ബ് തന്നെയാണെങ്കിൽ പിന്നെ മഅ്രിഫത്ത് അഥവാ ദിവ്യജ്ഞാനം എന്താണ്? അതായത് അദൃശ്യത്തിൽ വിശ്വസിക്കുന്നതാണ് സന്മാർഗമെങ്കിൽ മഅ്രിഫത്ത് കൊണ്ടുദ്ദേശിക്കുന്നതെന്താണ്? അല്ലാഹുവിനെ എങ്ങനെ തിരിച്ചറിയാൻ കഴിയും? അതുകൊണ്ട് വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾ പ്രാവർത്തികമാക്കുന്നവർ മഅ്രിഫത്ത് അഥവാ ദിവ്യജ്ഞാനത്തിന്റെ ഉന്നത സ്ഥാനത്തെത്തുന്നതാണ്.

മഅ്രിഫത്ത് കരസ്ഥമാകണമെങ്കിൽ വിശുദ്ധ ഖുർആന്റെ സന്മാർഗം പഠിക്കുകയും അത് പ്രാവർത്തികമാക്കുകയും വേണം. അപ്പോഴാണ് മഅ്രിഫത്തിന്റെ സ്ഥാനം കരസ്ഥമാക്കാൻ കഴിയുക. മനുഷ്യന് യുഅ്മിനൂന ബിൽഗയ്ബിൽനിന്ന് അതായത് അദൃശ്യജ്ഞാനത്തിൽ നിന്ന് പുറത്തുവന്ന് അയ്നുൽ യഖീൻ നേരിൽ കാണുന്ന അവസ്ഥയിലേക്ക് അഭിവൃദ്ധിപ്പെടുന്നതാണ്. കർമം ഉണ്ടാകുമ്പോൾ മാത്രമാണ് അയ്നുൽ യഖീനിന്റെ അതായത് ഗോചര ജ്ഞാനത്തിന്റെ സ്ഥാനം ലഭിക്കുക.

അതിനാൽ യുഅ്മിനൂന ബിൽഗയ്ബിൽനിന്ന് പുറത്തുവരുന്നതിന് വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കേണ്ടത് അനിവാര്യമാകുന്നു. അദൃശ്യത്തിൽ വിശ്വസിക്കേണ്ട ആവശ്യമെന്തെന്ന് ആളുകൾ ചോദിക്കാറുണ്ട്. ഇക്കാലത്ത് യുവാക്കളിലും കുട്ടികളിലും അതെന്തിനെന്ന ചോദ്യം ധാരാളമായി ഉയരുന്നുണ്ട്. നമുക്ക് അറിവില്ലാത്ത കാര്യത്തിൽ നമ്മളെന്തിന് വിശ്വസിക്കണം? അല്ലാഹു പറയുന്നു: അദൃശ്യത്തിലുള്ള വിശ്വാസം പ്രാരംഭ രൂപമാകുന്നു. നിങ്ങൾക്ക് നല്കപ്പെട്ട ഈ ഗ്രന്ഥമനുസരിച്ച് പ്രവർത്തിക്കുക. വിശ്വാസത്തിനുശേഷം കർമവും അനിവാര്യമാകുന്നു. അത് നിങ്ങൾക്ക് അല്ലാഹുവിനെ സംബന്ധിച്ച് ശരിയായ തിരിച്ചറിവ് നല്കുന്നതാണ്. അപ്പോൾ ഗയ്ബിൽനിന്ന് അതായത് അദൃശ്യത്തിൽനിന്ന് വെളിയിൽവന്ന് കാഴ്ചയുടെ അവസ്ഥ ഉണ്ടാകുന്നതായിരിക്കും. അദൃശ്യത്തിൽ മാത്രമായി രിക്കുകയില്ല. മറിച്ച് അല്ലാഹു ആരാണെന്ന് മനുഷ്യൻ കാണുന്നു. ഭൗതിക തത്ത്വവും ഇതു തന്നെയാണ്. ശാസ്ത്രജ്ഞന്മാർ അല്ലെങ്കിൽ ഗവേഷകർക്ക് ഇക്കാര്യം അറിയാം. ഗവേഷണങ്ങൾക്ക് മുമ്പേ ഒരു ഹൈപ്പോത്തിസിസ് പരികല്പന ഉണ്ടാകുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ഗവേഷണം നടത്തുക. അത് സത്യമായി പുലരുമോ എന്ന് അറിയുകയില്ല. എന്തായാലും അതിനെ കുറിച്ചുള്ള സങ്കല്പം ഒരു അടിത്തറയായി ഉണ്ടാകുന്നു. അതിന്മേലാണ് ഗവേഷണം നടത്തുക. എന്നാൽ, അല്ലാഹു പറയുന്നു:നിങ്ങൾ ഈമാൻ ബിൽഗയ്ബ് (അദൃശ്യത്തിലുള്ള വിശ്വാസം) അടിസ്ഥാനമാക്കി വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങൾ പ്രാവർത്തികമാക്കുകയും പരിശ്രമിക്കുകയും വിചിന്തനം ചെയ്യുകയുമാണെങ്കിൽ അത് നിങ്ങൾക്ക് കണ്ടെത്താനും കഴിയുന്നതാണ്.

ശാസ്ത്രജ്ഞന്മാർ തങ്ങളുടെ തൃപ്തിക്കുവേണ്ടി ഗവേഷണം നടത്തുന്നു. അവർക്ക് തൃപ്തി ലഭിക്കുകയും ചെയ്യുന്നു. അത് ജനങ്ങളോടു പറയുകയും ചെയ്യുന്നു. എന്നാൽ, ഇവിടെ പറയുന്ന കെട്ടിപ്പടുത്ത സങ്കൽപത്തിനു ശേഷമുള്ള ഗവേഷണത്തിൽ ഏർപെടുന്നവർക്കെല്ലാം പ്രയോജനമെടുക്കാൻ കഴിയുന്നതാണ്. അതാണ്. ഇസ്‌ലാമിന്റെ മേന്മ. ഇതാണ് ഈമാൻ ബിൽ ഗയ്ബിന്റെ യാഥാർഥ്യം. പറയുന്നു:

ഇതേപോലെ നമസ്കാരത്തെ സംബന്ധിച്ച പ്രാരംഭാവസ്ഥ ഇവിടെ വവരിച്ചതുപോലെതന്നെയായിരിക്കും. അതായത് അവർ നമസ്കാരത്തെ നിലനിറുത്തുന്നു. അതായത് നമസ്കാരം വീണുകിടക്കുകയാണ്. അതിന്റെ വിവക്ഷിതമെന്തെന്നാൽ അതിൽ താൽപര്യവും ആനന്ദവുമുണ്ടാകില്ല. താൽപര്യമില്ലായ്മയുടേയും അസ്വസ്ഥതകളുടെയും ഒരു ശൃംഖലതന്നെയായിരിക്കും ഉണ്ടാകുക. അതുകൊണ്ടുതന്നെ മനുഷ്യൻ വിശപ്പുകൊണ്ടും ദാഹംകൊണ്ടും അശനപാനീയങ്ങൾക്കായി ഓടിപ്പോകുന്നതുപോലെയുള്ള ഒരു ആകർഷണമോ താൽപര്യമോ ഉണ്ടായി ഉന്മാദനായി നമസ്കാരത്തിലേക്ക് ഓടിച്ചെല്ലുന്നില്ല. എന്നാൽ, അയാൾ ഹിദായത്ത് അഥവാ സന്മാർഗം കരസ്ഥമാക്കുമ്പോൾ പ്പിന്നെ ഈ അവസ്ഥയായിരിക്കില്ല. അയാൾക്ക് ഒരു പ്രത്യേക താൽപര്യമുണ്ടാകും. നമസ്കാരത്തിലും ഒരു അഭിരുചി ഉണ്ടാകുന്നതാണ്. അസ്വസ്ഥതകളുടെ ശൃംഖല അവസാനിച്ച് സംതൃപ്തിയുടെയും സമാധാനത്തിന്റെയും നിറം വന്നു തുടങ്ങും. അദ്ദേഹം(അ) തുടർന്ന് പറയുന്നു: വല്ല സാധനവും മറന്നുപോയാൽ നമസ്കാരത്തിൽ ഓർമവരുമെന്ന് പറയാറുണ്ട്. ഇത് പരിപക്വതയുള്ളവരുടെ നമസ്കാരമല്ല. കാരണം ഇത് ശയ്ത്താൻ അവനുള്ളിൽ ദുർബോധനം ചെയ്യുന്നതാണ്. അതായത് വല്ല സാധനവും ഓർമ വന്നില്ലെങ്കിൽ നമസ്കരിച്ചാൽ ഓർമവരുമെന്ന ചിന്ത അവനിലുണ്ടാക്കുന്നു. അവസാനം അത് എവിടെയെന്ന് ഓർമവരികയും ചെയ്തേക്കാം. എന്നാൽ, പരിപക്വമായ അവസ്ഥ ലഭ്യമാകുമ്പോൾ എപ്പോഴും നമസ്കാരത്തിൽ തന്നെയായിരിക്കും. അതായത് എപ്പോഴും അല്ലാഹുവിനെ ഓർമയുണ്ടായിരിക്കും. ആയിരക്കണക്കിന് രൂപയുടെ കച്ചവടമോ ലാഭമോ അതിന് തടസ്സമോ വില്ലനോ ആകുന്നതല്ല. ഭൗതിക കാര്യങ്ങളും നടക്കും ദൈവ ഭയവുമുണ്ടായിരിക്കും. അല്ലാഹുവിനെയും ഓർക്കുന്നതാണ്. പറയുന്നു: ഇതുപോലെ തന്നെയാണ് മറ്റു അവസ്ഥകളും വെറും വാക്കുകളായിരിക്കുന്നതല്ല. അതും അനുഭവവേദ്യമായി വരുന്നതാണ്. അദൃശ്യത്തിൽനിന്ന് ദൃശ്യത്തിലേക്കെത്തുന്നതാണ്. ഈ അവസ്ഥകൾ കേൾപ്പിക്കാൻ മാത്രമുള്ളതല്ല. ഞാൻ ഈ പറഞ്ഞ അവസ്ഥകൾ കേൾപിക്കാൻ, നിങ്ങൾക്ക് കഥകൾ പോലെ കേൾപിക്കുകയും നിങ്ങൾ അത് കേട്ട് സന്തോഷിക്കുകയും ചെയ്യുന്ന തലംവരെ മാത്രമുള്ളതല്ല. ഇതൊരു ഖജനാവാകുന്നു. ഇതിനെ നിങ്ങൾ വിട്ടുകളയരുത്. ഇത് പുറത്തെടുക്കുവിൻ. ഇത് നിങ്ങളുടെ ഭവനങ്ങളിൽ തന്നെയുണ്ട്. അല്പം പരിശ്രമവും അധ്വാനവുംകൊണ്ട് നിങ്ങൾക്ക് അത് കരസ്ഥമാക്കാൻ കഴിയുന്നതാണ്. (മൽഫൂദാത്ത് വാള്യം 9, പേജ് 151-154, 1984 പതിപ്പ്)

അതിനാൽ ഇന്ന് നമ്മളുടെ ജോലിയാണ്, ഈ(റമളാനിന്റെ)അന്തരീക്ഷത്തിൽനിന്ന് പ്രയോജനമെടുത്തുകൊണ്ട് നമ്മളും അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നവരായിത്തീരാൻ ഈ ഖജനാവിനെ പുറത്തെടുക്കാൻ പരിശ്രമിക്കുക.

തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

ഓർക്കുക, നിങ്ങൾ മുത്തഖി ആകുന്നതുവരെയും തഖ്‌വ സ്വായത്തമാക്കുന്നതുവരെയും ദുആകൾ സ്വീകരിക്കപ്പെടുകയില്ല. തഖ്‌വാ രണ്ടു വിധത്തിലുണ്ട്. ഒന്ന് അറിവിന്റെ തലത്തിലുള്ളത്. മറ്റൊന്ന് കർമ സംബന്ധിയായത്. അറിവിനെ സംബന്ധിച്ച് പറഞ്ഞു കഴിഞ്ഞു. മുത്തഖി ആകാത്തിടത്തോളം ദീനി ജ്ഞാനവും ദിവ്യജ്ഞാനവും തുറന്ന് കിട്ടുന്നതല്ല. കർമ സംബന്ധിയായതെന്തെന്നാൽ മുത്തഖി ആകാത്തിടത്തോളം നമസ്കാരവും നോമ്പും മറ്റുആരാധനാ കർമങ്ങളും ന്യൂനതയുള്ളവയായിരിക്കും. രണ്ടു തരത്തിലുള്ള അല്ലാഹുവിന്റെ കല്പനകളുണ്ടെന്ന കാര്യം നല്ലപോലെ ഓർത്തുകൊള്ളുക. ഒന്ന്, അവനോടു ആരെയും പങ്കു ചേർക്കരുത്. അവന്റെ സത്തയിലും ഗുണത്തിലും ഇബാദത്തിലും ആരെയും പങ്കാളിയാക്കരുത്. രണ്ട്, മനുഷ്യകുലത്തോട് സഹാനുഭൂതി കാണിക്കുക. (മൽഫൂദാത്ത് വാള്യം 9, പേജ് 164, 1984 പതിപ്പ്)

അല്ലാഹുവിനോടും അവന്റെ ദാസന്മാരോടുമുള്ള കടമകൾ നിറവേറ്റുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തുടർന്ന് പറയുന്നു:

അല്ലാഹു പറയുന്നു:വമൻയ്യത്തഖില്ലാഹ യജ്അല്ലഹൂ മഖ്റജൻ വ്വ യർസുഖ്ഹു മിൻ

ഹയ്ഥു ലാ യഹ്തസിബ് (65:3-4)(വല്ലവനും അല്ലാഹുവിനെ സൂക്ഷിക്കുന്നവനായാൽ അവന് അല്ലാഹു (വിഷമങ്ങളിൽനിന്ന്)രക്ഷപ്പെടാനുള്ള മാർഗമുണ്ടാക്കിക്കൊടുക്കുന്നതാണ്. അവനുദ്ദേശിക്കാത്ത ഭാഗത്തുടെ അല്ലാഹു അവന് ഉപജീവനം നല്കുകയും ചെയ്യും).

ആർക്കാണോ തഖ്‌വ കരസ്ഥമായത് അവന് സകല ലോകത്തിന്റെയും അനുഗ്രഹങ്ങൾ ലഭ്യമായി. അവർ സങ്കല്പ്പിക്കുകകൂടി ചെയ്യാത്ത ഇടങ്ങളിൽനിന്ന് അവർക്ക് ഉപജീവനത്തിനുള്ള സാധന സാമഗ്രികൾ അവൻ ലഭ്യമാക്കുന്നതാണ്. പറയുന്നു: ഓർക്കുക, മുത്തഖി ഒരിക്കലും ആരുടേയും ആശ്രിതനാകുന്നതല്ല. മറിച്ച് അവരെത്തുന്ന സ്ഥലത്ത് അവർ ആഗ്രഹിക്കുന്നതിനുമുമ്പേതന്നെ അല്ലാഹു കാര്യങ്ങൾ എത്തിച്ചുകൊടുക്കുന്നു. അങ്ങനെ മുത്തഖിക്ക് ഭൗതിക രിസ്ഖും (ഉപജീവനവും) നല്കുന്നുവെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ഞാനൊ രിക്കൽ അല്ലാഹുവിനെ കശ്ഫിൽ (ജാഗ്രദർശനത്തിൽ)കാണുകയുണ്ടായി. എന്റെ കഴുത്തിൽ കൈയിട്ടുകൊണ്ട് പറഞ്ഞു:

ജേ തൂ മേരാ ഹോരഹീ സബ് ജഗ തേരാ ഹോ (നീ എന്റേതായി തീർന്നാൽ എല്ലാ സ്ഥലവും നിന്റേതായിത്തീരുന്നതാണ്). അതിനാൽ, ഇത് എല്ലാ പ്രവാചകന്മാരും വലിയ്യുമാരും അനുഭവിച്ചറിഞ്ഞ കുറിപ്പടിയാകുന്നു. നിങ്ങളും ഇത് പരീക്ഷിച്ചു നോക്കുവിൻ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:നമ്മുടെ ജമാഅത്ത് തഖ്‌വായുടെ മാർഗങ്ങളിൽ പദമൂന്നേണ്ടതാണ്. ശത്രുക്കളുടെ നാശത്തിൽ അനാവശ്യമായി സന്തോഷിക്കേണ്ടതില്ല. തൗറാത്തിൽ ബനീ ഇസ്റാഈലിന്റെ ശത്രുക്കളെ സംബന്ധിച്ച് പറയുന്നു: അല്ലാഹു പറയുകയാണ്, ഞാൻ അവരെ നശിപ്പിച്ചത് അവർ ദുർവൃത്തരായതുകൊണ്ടാണ്. അല്ലാതെ നിങ്ങൾ നല്ലവരായതുകൊണ്ടല്ല. നിങ്ങളുടെ നന്മ കാരണമല്ല ശത്രുക്കൾ നശിപ്പിക്കപ്പെട്ടത്. മറിച്ച് അവർ തങ്ങളുടെ തിന്മകാരണമാണ് നാശമടഞ്ഞത്.ആയതിനാൽ നന്മയുള്ളവരായി മാറുവിൻ!എന്റെ ഒരു ഈരടിയുണ്ട്:

ഹർഇക് നേക്കീ കി ജഡ് യെ ഇത്തിഖാ ഹെ
അഗർ യെ ജഡ് രഹി സബ് കുഛ് രഹാ ഹെ

എല്ലാ നന്മയുടെയും വേര് തഖ്‌വാ ആകുന്നു. ഈ വേര് നിലനിന്നാൽ എല്ലാം നിലനിൽക്കുന്നതാണ്.

തുടർന്ന് പറയുന്നു: തഖ്‌വാ ഒരു ഔഷധമാകുന്നു. അത് ഉപയോഗപ്പെടുത്തിയാൽ എല്ലാ വിഷത്തിൽ നിന്നും രക്ഷപ്പെടാൻ കഴിയുന്നതാണ്. പക്ഷേ, തഖ്‌വാ തികവുറ്റതായിരിക്കണം. തഖ്‌വായുടെ ഏതെങ്കിലുമൊരു ശാഖയിൽ കർമം ചെയ്യുന്നത് വിശക്കുന്നവന് ഒരു വറ്റ് കിട്ടുന്നതുപോലെയാണ്. അത് തിന്നുന്നതും തിന്നാതിരിക്കുന്നതും തുല്യമാകുന്നു. അതുപോലെ ഒരു തുള്ളി വെള്ളം കൊണ്ട് ദാഹം ശമിക്കുന്നതല്ല. ഇതുതന്നെയാണ് തഖ്‌വയുടെയും അവസ്ഥ. ഏതെങ്കിലും ഒരു ഭാഗത്ത് മാത്രം കർമം ചെയ്യുന്നത് മോക്ഷത്തിന് നിദാനമല്ല. അതുകൊണ്ടാണ് തഖ്‌വയെ പറ്റി അല്ലാഹു പറഞ്ഞത്: ഇന്നല്ലാഹ മഅല്ലദീനത്തഖൗ സൂക്ഷ്മത കൈക്കൊള്ളുകയും നന്മചെയ്യുകയും ചെയ്യുന്നവരാരോ തീർച്ചയായും അല്ലാഹു അവരുടെ കൂടെയാകുന്നു.(16:129)ഇയാൾ മുത്തഖിയാണെന്ന് അയാളുടെ സാമീപ്യം വിളിച്ചോതുന്നു.(മൽഫൂദാത്ത് വാള്യം 9, പേജ് 260-262, 1984 പതിപ്പ്).

അതായത് യഥാർഥ തഖ്‌വാ ഉണ്ടെങ്കിൽ അല്ലാഹു തന്റെ കൃപകൊണ്ട് താൻതന്നെ അത് പറയുന്നതാണ്. അവന്റെ കൃപകളുടെ പ്രകടനവുമുണ്ടാകുന്നു. അപ്പോൾ ഈ തഖ്‌വാ കരസ്ഥമാക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്.

വീണ്ടും ആ മഹാത്മാവ് പറയുന്നു:

വീണ്ടും വീണ്ടും ഒരേ കാര്യതന്നെ ആവർത്തിച്ചു വന്നുകൊണ്ടിരിക്കുകയാണ്. കാരണം അശ്രദ്ധ എല്ലാത്തിലും ചേർന്നിരിക്കുന്നു. ഒരു ഭാഗത്ത് ഉപദേശങ്ങൾ കേൾക്കുകയും മനസ്സിൽ തഖ്‌വാ സ്വായത്തമാക്കാൻ ഒരു ആവേശമുണ്ടാകുകയും ചെയ്യുന്നു. പക്ഷേ, വീണ്ടും അലസത സംഭവിക്കുന്നു. അതുകൊണ്ട് നമ്മുടെ ജമാഅത്ത് ഇത് വളരെ ഗൗരവപൂർവം ഓർക്കേണ്ടതാണ്. അല്ലാഹുവിനെ ഒരു അവസ്ഥയിലും മറക്കാൻ പാടില്ല. എല്ലാ സമയത്തും അവനോടു സഹായം ചോദിച്ചുകൊണ്ടിരിക്കണം. അതുകൂടാതെ മനുഷ്യൻ ഒന്നും തന്നെയല്ല.

നല്ലവണ്ണം ഓർക്കുവിൻ! അത് ഒരു നിമിഷം കൊണ്ട് ഇല്ലാതാകാവുന്നതാണ്. വിവിധ തരത്തിലുള്ള ദുഃഖങ്ങളും പ്രയാസങ്ങളുമുണ്ട്. ഇത് നിർഭയമായി കഴിയേണ്ട ഘട്ടമല്ല. ഈ ലോകത്തും നരകം സാധ്യമാണ്. വലിയ വലിയ പ്രയാസങ്ങൾ വരാനും സാധ്യതയുണ്ട്. നല്ലവണ്ണം ഓർമവെക്കേണ്ടതാണ്, ഈയിടെയായി ആണവ യുദ്ധങ്ങളെപറ്റിയുള്ള ചർച്ചകളാണ് നടക്കുന്നത്. അതും ഒരു ജഹന്നം (നരകം) തന്നെയാണ്. അതുപോലെ ബോംബുകളും തീക്കട്ടകൾ തന്നെയാണ്.

പറഞ്ഞു:

നല്ലവണ്ണം ഓർമവെക്കേണ്ടതാണ്, അല്ലാഹു സ്വയം സഹായിക്കുകയും തന്റെ കൃപകൊണ്ട് മുസ്വീബത്ത് നീക്കുകയും ചെയ്യാത്തിടത്തോളം ആരും ആരുടെ മുസ്വീബത്തിലും ഉപകാരപ്പെടുന്നതല്ല.

അതുകൊണ്ട് എല്ലാവരും അല്ലാഹുവുമായി രഹസ്യബന്ധം പുലർത്തേണ്ടതാണ്. ആരെങ്കിലും ധൈര്യപൂർവം തിന്മയിലും, ധിക്കാരത്തിലും, ദുർവൃത്തിയിലും പ്രയാസങ്ങളിലും അകപ്പെടുന്നുവെങ്കിൽ അയാൾ ഭയാനകമായ അവസ്ഥയിലാകുന്നു. അല്ലാഹുവിന്റെ ശിക്ഷ അവന്റെ പിന്നാലെയുണ്ട്. നിങ്ങൾ നിരന്തരം അല്ലാഹുവിന്റെ കാരുണ്യം ആഗ്രഹിക്കുന്നുവെങ്കിൽ തഖ്‌വാ സ്വായത്തമാക്കുവിൻ. അല്ലാഹുവിനെ കോപിഷ്ഠനാക്കുന്ന എല്ലാ കാര്യവും ഉപേക്ഷിക്കുവിൻ. ഇത് വളരെ അനിവാര്യമായ സംഗതിയാകുന്നു.

ഇതുവളരെ സുപ്രധാനവും അത്യാവശ്യവുമായ കാര്യമാകുന്നു.

പറയുന്നു:

ദൈവഭയം ഉണ്ടാകാത്തിടത്തോളം യഥാർഥ തഖ്‌വാ സ്വായത്തമാകുന്നതല്ല. മുത്തഖിയാകാൻ ശ്രമിക്കുവിൻ! തഖ്‌വാ ഇല്ലാത്തവൻ നശിപ്പിക്കപ്പെടുമ്പോൾ മുത്തഖി രക്ഷിക്കപ്പെടുന്നു. അത്തരം വേളകളിൽ അയാളുടെ ധിക്കാരമാണ് അയാളെ നശിപ്പിക്കുന്നത്. തഖ്‌വായുള്ളയാളെ അത് രക്ഷിക്കുകയും ചെയ്യുന്നു. മനുഷ്യൻ തന്റെ സാമർഥ്യവും, ദ്രോഹവും അക്രമവും മുഖേന രക്ഷപ്പെടാമെന്നാണ് ആഗ്രഹിക്കുന്നതെങ്കിൽ അവനൊരിക്കലും രക്ഷപ്പെടാൻ കഴിയുന്നതല്ല. അല്ലാഹുവിന്റെ അനുഗ്രഹമില്ലെങ്കിൽ ആർക്കുംതന്നെ തന്റെ ജീവനേയോ, സമ്പത്തിനേയോ, സന്തതികളേയോ സംരക്ഷിക്കാനും എന്തെങ്കിലും വിജയം കരസ്ഥമാക്കാനും കഴിയുന്നതല്ല. അല്ലാഹുവുമായി രഹസ്യമായ ബന്ധം തീർചയായും ഉണ്ടാക്കേണ്ടതാണ്. പിന്നെ ആ ബന്ധത്തെ സംരക്ഷിക്കുകയും വേണം. അതായത് അത് സ്ഥായിയായി നിലനിറുത്തേണ്ടതാണ്.

അതായത് സ്ഥായിയായി നിലനില്ക്കണം.

ഈ ബന്ധത്തെ നിലനിറുത്തുന്നവൻ തന്നെയാണ് ബുദ്ധിമാൻ. ഈ ബന്ധത്തെ നിലനിറുത്താത്തവൻ ബുദ്ധിഹീനനാകുന്നു. അവൻ തന്റെ സാമർഥ്യത്തിൽ അഹങ്കരിക്കുന്നു. അവൻ നശിപ്പിക്കപ്പെടുന്നതാണ്. അവനൊരിക്കലും ലക്ഷ്യം പ്രാപിക്കുകയോ വിജയിക്കുകയോ ചെയ്യുന്നതല്ല. നോക്കുക, ആകാശഭൂമികളും അതിൽ കാണപ്പെടുന്നതുമായ ഈ ഇത്രയും വലിയ ഫാക്ടറി, അല്ലാഹുവിന്റെ മറഞ്ഞിരിക്കുന്ന കരങ്ങൾ കൂടാതെ ചലിക്കുക സാധ്യമാണോ? ഒരിക്കലുമില്ല.

ഓർക്കുക, സമാധാനാവസ്ഥയിൽ(ദൈവത്തെ)ഭയപ്പെടുന്നവൻ ഭയപ്പാടിന്റെ ഘട്ടത്തിൽ രക്ഷിക്കപ്പെടുന്നതായിരിക്കും. ഭയപ്പാടിന്റെ അവസരത്തിൽ ഭയമുണ്ടാകുന്നത് ഒരു മേന്മയുമല്ല. അത്തരം ഘട്ടത്തിൽ കാഫിറും മുശ്‌രിക്കും മതമില്ലാത്തവനും ഒക്കെ ഭയപ്പെടുന്നതാണ്. ഫിർഔൻ പോലും അത്തരം അവസരത്തിൽ ഖാല ആമൻതു അന്നഹു ലാഇലാഹ ഇല്ലല്ലദീ ആമനത് ബിഹീ ബനൂ ഇസ്റാഈല(10:91) എന്ന് ഭയന്നുകൊണ്ടു പറഞ്ഞിരുന്നു.(അതായത് ബനൂഇസ്റാഈൽ വിശ്വസിച്ചിട്ടുള്ള ദൈവമല്ലാതെ മറ്റൊരു ദൈവവുമില്ലെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ അനുസരണമുള്ളവരിൽ പെട്ടവനുമാകുന്നു). പറഞ്ഞു: അതുകൊണ്ട് അവനുണ്ടായ ഒരു ഗുണം അല്ലാഹു പറഞ്ഞു, ഞാൻ നിന്റെ ശരീരം സൂക്ഷിക്കുന്നതാണ്. നിന്റെ ജീവൻ ഇനി രക്ഷിക്കുന്നതല്ല. അവസാനം അല്ലാഹു അയാളുടെ ശരീരത്തെ ആ തീരത്തെത്തിച്ചു. അയാൾ ഒരു കുറിയ മനുഷ്യനായിരുന്നു. ഒരാൾ തിന്മയിലും പാപത്തിലും മുന്നേറുമ്പോൾ പിന്നെ ലാ യസ്തഅ്ഖിറൂന സാഅത്തൻ വ്വലാ യസ്തഖ്ദിമൂൻ ഒരു നിമിഷംപോലും പിന്നോട്ടു മാറിനിൽക്കാനോ അതിനെ മറി കടന്ന് മുന്നോട്ടുപോകാനോ സാധിക്കുകയില്ല (7:35)എന്ന അവസ്ഥയിലെത്തുന്നതായിരിക്കും. മരണത്തിന്റെ വിളി വരുമ്പോൾ മുന്നോട്ടോ പിന്നോട്ടോ നീങ്ങുകയില്ല. അതുകൊണ്ട് കാലേക്കൂട്ടിത്തന്നെ അല്ലാഹുവുമായി ബന്ധംവെക്കേണ്ടതാണ്. (മൽഫൂദാത്ത് വാള്യം 9, പേജ് 369-370, 1984 പതിപ്പ്).

**• കലാമുൽ ഇമാം •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സൈ്ഥര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാല്യം 3, പേജ് 38)**



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


**• കലാമുൽ ഇമാം •**

**'അല്ലയോ എന്റെ ബൈഅത്തിൽ പ്രവേശിച്ചിട്ടുള്ള എന്റെ പ്രിയപ്പെട്ട സ്നേഹിതരേ അല്ലാഹു നമ്മെ അവൻ തൃപ്തിപ്പെടുമാറുള്ള കാര്യങ്ങൾ ചെയ്യാൻ സഹായിക്കട്ടെ(ഇസാലെ ഔഹാം പേ.825)**


ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

അതുകൊണ്ട് ഈ റമാളാനിൽനിന്ന് യഥാർഥ ഫലമെടുത്തുകൊണ്ട് തന്റെ തഖ്‌വായുടെ നിലവാരം അല്ലാഹു നമ്മളിൽനിന്ന് ആഗ്രഹിക്കുംവിധത്തിലുള്ള സ്ഥാനത്തെത്തിക്കാൻ ശ്രമിക്കുന്നവൻ ഭാഗ്യവാനാണ്.

അടുത്ത ആയത്ത് നോമ്പിനെ സംബന്ധിച്ചതാണ്. അതിൽ അല്ലാഹു ചില അടിസ്ഥാന കൽപ്പനകൾ നല്കിയിരിക്കുന്നു. പറഞ്ഞു:എണ്ണപ്പെട്ട ഏതാനും ദിവസങ്ങളിൽ നിങ്ങൾക്ക് നോമ്പ് നിർബന്ധമാക്കിയെങ്കിലും നിങ്ങൾക്ക് ചില ഇളവുകളും തന്നിട്ടുണ്ട്. അതുകൊണ്ട് രോഗിയും യാത്രക്കാരനും തനിക്കുമേൽ അനാവശ്യമായ ഭാരം ഇടരുത്. പിന്നീട് ആരോഗ്യം വീണ്ടെടുക്കുമ്പോൾ അല്ലെങ്കിൽ യാത്ര കഴിഞ്ഞശേഷം നോമ്പ് പൂർത്തിയാക്കിയാൽ മതി. പറഞ്ഞു: (ഫർള്) നിർബന്ധ കടമ പൂർത്തിയാക്കേണ്ടത് അനിവാര്യമാണ്. പക്ഷേ, അനാവശ്യമായ ഭാരം ഇടാനും പാടില്ല. അല്ലാഹു സ്വാഭാവികമായും അത്യന്താപേക്ഷിതമായുണ്ടാകുന്ന നിർബന്ധ സാഹചര്യങ്ങളെയും പരിഗണിച്ചിട്ടുണ്ട്. ചുരുക്കത്തിൽ മനുഷ്യന്റെ തഖ്‌വായെ വിലമതിച്ചുകൊണ്ട്, അതായത് അവൻ ആത്മാവിനുവേണ്ടി അനുവദനീയമായ കാര്യങ്ങളെയും ഒഴിവാക്കുന്നത് കണക്കിലെടുത്തുകൊണ്ട് മനുഷ്യന്റെ നിർബന്ധ സാഹചര്യങ്ങളിലും ഒഴികഴിവും നല്കിയിട്ടുണ്ട്. ചിലർ അല്ലാഹു വലിയ ഭാരം ഇട്ടുവെന്നും അവന്റെ ചില കൽപ്പനകൾ നടപ്പാക്കാൻ പ്രയാസമാണെന്നും പറയുന്നുണ്ട്. അല്ലാഹു അത്തരം ഒരു കല്പനയും നല്കിയിട്ടില്ല. പ്രയാസമുള്ള എല്ലാ ഓരോ കാര്യത്തോടൊപ്പവും സാവകാശങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. അതുപോലെ നിർമതവാദികൾ അതല്ലെങ്കിൽ മതത്തെ എതിർക്കുന്നവർ മതാനുയായികളെ കുഴപ്പത്തിലാക്കാൻ മതത്തിന്റെ നിർബന്ധങ്ങളിൽ നിങ്ങൾ ബന്ധിതരാണെന്നും അത് നിങ്ങളുടെ മനുഷ്യാവകാശത്തെ പിടിച്ചു പറിക്കുന്നുവെന്നും പറയാറുണ്ട്. ഈ ആയത്തിലും ഇവർക്ക് മറുപടിയുണ്ട്. നോമ്പ് നിർബന്ധമാകുന്നു. അല്ലാഹുവിന്റെ തൃപ്തി കാംക്ഷിക്കുന്നവരാണ് നോമ്പെടുക്കുന്നത്. പക്ഷേ, അതോടൊപ്പംതന്നെ അല്ലാഹു മനുഷ്യന്റെ പ്രകൃതിപരമായ കാര്യങ്ങളുടെ നിർബന്ധ സാഹചര്യങ്ങളും പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. നിങ്ങൾക്ക് സാവകാശങ്ങളും തന്നിട്ടുണ്ട്. വർഷത്തിൽ ഏതു സമയത്തും നിങ്ങളുടെ നോമ്പ് പൂർത്തീകരിക്കാവുന്നതാണ്. കഴിവുള്ളവർ വിട്ടുപോയ നോമ്പുകൾക്ക് അൽപം ഫിദ്‌യ (പ്രായശ്ചിത്തവും) നല്കേണ്ടതാണ്. എല്ലാവരുമല്ല, കഴിവുള്ളവർ നല്കിയാൽ മതി. അതുകൊണ്ട് ഇരട്ടി പ്രതിഫലമുണ്ട്. ഇത് നിങ്ങളുടെ അധികമായ നന്മയായിരിക്കും. അല്ലാഹു ഇങ്ങനെ അനുഗ്രഹിക്കുന്നതിന് വഴിയൊരുക്കുന്നു. ഇനി പാലൂട്ടുന്ന മാതാക്കൾ അല്ലെങ്കിൽ സ്ഥായിയായ രോഗിയാണെങ്കിൽ കഴിവനുസരിച്ച് ഫിദ്‌യ നല്കാൻ കല്പിച്ചിട്ടുണ്ട്. കാരണം അല്ലാഹു ആലിമുൽ ഗയ്ബ് ആകുന്നു. സംഗതികൾ അറിയുന്നവനാകുന്നു. അവന് ഉദ്ദേശ്യങ്ങളെ പറ്റി അറിയാം. അതുകൊണ്ട് പറയുന്നു: നിങ്ങൾ സദുദ്ദേശ്യത്തോടെ നല്കുകയാണെങ്കിൽ നിങ്ങളുടെ ഫിദ്‌യ നോമ്പുകൾക്ക് പകരമാകുന്നതാണ്. ഫിദ്‌യ മുഖേന സാധുക്കൾക്ക് സഹായം ലഭിക്കുന്നതാണ്. ഇവിടെ സൃഷ്ടികളോടുള്ള കടമകൾക്കും ഇബാദത്തിന്റെ പുണ്യത്തിനുമുള്ള സ്ഥാനം നല്കിയിരിക്കുന്നു. ഫിദ്‌യകൊണ്ട് ദരിദ്രരായ ആളുകൾ തന്നെയാണ് പ്രയോജനമെടുക്കുന്നത്. പക്ഷേ, അതിന് ഇബാദത്തിന് തത്തുല്ല്യമായ പ്രതിഫലമാണുള്ളത്. ഇതാണ് ഇസ്‌ലാമിന്റെ ദൈവം. അവനിൽ കാരുണ്യമല്ലാതെ മറ്റൊന്നും തന്നെയില്ല. എന്നിട്ടും മനുഷ്യൻ അവന്റെ കാരുണ്യം കരസ്ഥമാക്കുന്നവനായി മാറുന്നില്ലെങ്കിൽ അത് മനുഷ്യന്റെ ദൗർഭാഗ്യമാകുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഈ വിഷയത്തെ കുറേ കൂടി വിശദീകരിച്ചുകൊണ്ട് പറയുന്നു:

> എന്തിനാണ് ഈ ഫിദ്‌യ നിശ്ചയിച്ചിരിക്കുന്നതെന്ന് ഒരിക്കൽ എന്റെ മനസ്സിൽ ചിന്തയുണ്ടായി. അത് അവസരം നല്കാൻ അതായത് നോമ്പെടുക്കാനുള്ള സൗഭാഗ്യം കിട്ടുന്നതിന് വേണ്ടിയാണെന്ന് മനസ്സിലായി. അല്ലാഹുവിന്റെ അസ്തിത്വം തന്നെയാണ് തൗഫീഖ് നല്കുന്നത്. എല്ലാ കാര്യവും അല്ലാഹുവിനോടുതന്നെ ചോദിക്കേണ്ടതാണ്. അല്ലാഹു എല്ലാത്തിനും കഴിവുള്ളവനാകുന്നു. അവൻ ഇച്ഛരിക്കുകയാണെങ്കിൽ ഒരു ആസ്മ രോഗിക്കുപോലും നോമ്പെടുക്കാനുള്ള ശക്തി നല്കുന്നതാണ്. ഫിദ്‌യകൊണ്ടുദ്ദേശിക്കുന്നത് അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടുള്ള ശക്തി ലഭിക്കണം എന്നതാകുന്നു. എന്റെ വീക്ഷണത്തിൽ മനുഷ്യൻ നല്ലപോലെ ഇങ്ങനെ ദുആ ചെയ്താൽ അതായത് അല്ലാഹുവേ, നിന്റെ ഈ അനുഗൃഹീത മാസത്തിൽനിന്ന് ഞാൻ നഷ്ടപ്പെട്ടവനായി പോകുന്നു. അടുത്ത വർഷം ജീവിച്ചിരിക്കുമോ എന്നും നഷ്ടപെട്ട നോമ്പുകൾ പൂർത്തിയാക്കാൻ കഴിയുമോ എന്നും അറിയില്ല. ഇതു പറഞ്ഞ് അല്ലാഹുവിനോട് അനുഗ്രഹം തേടുകയാണെങ്കിൽ അത്തരം മനസ്സുകൾക്ക് അല്ലാഹു ശക്തി നൽകുമെന്ന് ഞാൻ ഉറപ്പായും വിശ്വസിക്കുന്നു.(മൽഫൂദാത്ത് വാള്യം 4, പേജ് 258–259, 1984 പതിപ്പ്).

അതിനാൽ നോമ്പെടുക്കാൻ ശ്രമിക്കേണ്ടതാണ്. ഫിദ്‌യ നല്കുന്നുവെങ്കിൽ അത് അല്ലാഹു സ്വീകരിക്കുകയും നോമ്പെടുക്കാൻ തൗഫീഖ് കിട്ടുകയും ചെയ്യണമെന്നുദ്ദേശ്യത്തോടെ ആയിരിക്കണം. പക്ഷേ, അല്ലാഹു തന്ന ഇളവുകൾ പ്രയോജനപ്പെടുത്തേണ്ടതും അനിവാര്യമാണ്. അതുതന്നെയാണ് തഖ്‌വാ.

അല്ലാഹുവിന്റെ കല്പനകളെ അനുസരിക്കുന്നതാണ് യഥാർഥ തഖ്‌വാ.ഈ വിഷയത്തെ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

> യാഥാർഥ്യമെന്തെന്നാൽ, വിശുദ്ധ ഖുർആൻ നല്കിയ ഇളവുകൾ നടപ്പിൽവരുത്തുന്നതും തഖ്‌വാ തന്നെയാണ്. യാത്രക്കാരനും രോഗിക്കും മറ്റു സമയങ്ങളിൽ നോമ്പെടുക്കാൻ അല്ലാഹു അനുവാദവും ഇളവും നല്കിയിരിക്കുന്നു. അതുകൊണ്ട് ഈ കൽപ്പന നടപ്പിൽ വരുത്തേണ്ടതാണ്. യാത്രയിലും രോഗാവസ്ഥയിലും നോമ്പെടുക്കുന്നത് പാപവും തിന്മയുമാണെന്ന് ഭൂരിഭാഗം മഹാത്മാക്കളും പറഞ്ഞതായി ഞാൻ വായിച്ചിട്ടുണ്ട്. കാരണം അല്ലാഹുവിന്റെ തൃപ്തിയാണ് ലഭിക്കാനുള്ളത്. അല്ലാതെ തന്നിഷ്ടമല്ല. അല്ലാഹുവിന്റെ തൃപ്തി അവനെ അനുസരിക്കുന്നതിലാണ്. അവൻ നല്കുന്ന കല്പന അനുസരിക്കുക. അല്ലാതെ ഇന്നത്തെ ഉലമാതങ്ങളുടെ അറിവിന്റെ ഹുങ്കിൽ ചെയ്യുന്നതുപോലെ അതിന് അനുബന്ധങ്ങൾ ഉണ്ടാക്കേണ്ടതില്ല. സ്വനിർമിത വ്യാഖ്യാനങ്ങൾ നല്കാൻ പാടില്ല. ഇന്ന് സോഷ്യൽ മീഡിയയുടെ പ്ലാറ്റ്ഫോറം അവർക്ക് കിട്ടിയിരിക്കുന്നു. അതിൽ ഫിഖ്ഹ് അഥവാ കർമശാസ്ത്ര സംബന്ധമായി കൗതുകകരവും ഉളിപ്പില്ലാത്തതുമായ ഫത്‌വകളാണ് ഓരോരുത്തരും നല്കിക്കൊണ്ടിരിക്കുന്നത്. ഏതായാലും ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:അവൻ ഈ കൽപ്പനയാണ് നല്കിയിട്ടുള്ളത്. മൻ കാന മിൻകും മരീളൻ അൗ അലാ സഫ്‌രിൻ ഫഇദ്ദത്തുൻമ്മിൻ അയ്യാമിൻ ഉഖറ(2:185)
>
> നിങ്ങളിലാരെങ്കിലും രോഗിയോ യാത്രക്കാരനോ ആവുകയാണെങ്കിൽ മറ്റു ദിവസങ്ങളിൽ നോമ്പ് പൂർത്തിയാക്കണമെന്നാണ് അല്ലാഹു നല്കിയ കല്പന. ഇതിൽ ഇന്ന രീതിയിലുള്ള യാത്രയെന്നോ രോഗമെന്നോ എന്നൊന്നും പറഞ്ഞിട്ടില്ല.(മൽഫൂദാത്ത് വാള്യം 9, പേജ് 72–73, 1984 പതിപ്പ്).

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

> രോഗിയോ യാത്രക്കാരനോ ആയ അവസ്ഥയിൽ ആരെങ്കിലും റമളാൻ മാസത്തിൽ നോമ്പെടുക്കുകയാണെങ്കിൽ അയാൾ അല്ലാഹുവിന്റെ കല്പനയെ വ്യക്തമായി ലംഘിക്കുകയാണ് ചെയ്യുന്നത്. രോഗിയും യാത്രക്കാരനും നോമ്പെടുക്കരുതെന്ന് അല്ലാഹു സ്പഷ്ടമായും പറയുന്നു; രോഗാവസ്ഥയിൽ നിന്ന് ആരോഗ്യം വീണ്ടെടുക്കുമ്പോഴും യാത്ര അവസാനിച്ച ശേഷവും നോമ്പെടുക്കുക. അല്ലാഹുവിന്റെ കല്പനയെ പ്രാവർത്തികമാക്കേണ്ടതാണ്. കാരണം അവന്റെ അനുഗ്രഹം കൊണ്ടാണ് മോക്ഷം ലഭിക്കുക. അല്ലാതെ തന്റെ കർമങ്ങളുടെ ഊക്കുകൊണ്ട് ആരും മോക്ഷം പ്രാപിക്കുകയില്ല. രോഗിയും യാത്രക്കാരനും നോമ്പെടുക്കുകയാണെങ്കിൽ ആജ്ഞാലംഘകരെന്ന് മുദ്രകുത്തപ്പെടുന്നതാണ്.(മൽഫൂദാത്ത് വാള്യം 9, പേജ് 431, 1984 പതിപ്പ്).

ഒരാൾ നബി(സ)തിരുമേനിയോട് റമളാൻ മാസത്തിൽ യാത്രയിലായിരിക്കെ നോമ്പും നമസ്കാരവും സംബന്ധിച്ച് ചോദ്യമുന്നയിച്ചപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: റമളാനിൽ യാത്രയിലായിരിക്കെ നോമ്പെടുക്കരുത്. അപ്പോൾ


THE WEEKLY
AL HAKAM
www.alhakam.org

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**അല്ലാഹുവിനുവേണ്ടി പസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.**
**(ജുമുഅ ഖുത്ബ 4–10–2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**


ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

അയാൾ പറഞ്ഞു: യാ റസൂലുല്ലാഹ്! എനിക്ക് നോമ്പെടുക്കാനുള്ള ആരോഗ്യമുണ്ട്. നബി(സ)തിരുമേനി ചോദിച്ചു? നീയാണോ കൂടുതൽ ശക്തൻ അതോ അല്ലാഹുവോ? തുടർന്ന് പറഞ്ഞു:

തീർച്ചയായും അല്ലാഹു എന്റെ ഉമ്മത്തിലെ രോഗികൾക്കും യാത്രക്കാർക്കും റമളാനിൽ നോമ്പെടുക്കാതിരിക്കുന്നത് സ്വദഖ എന്ന നിലയിൽ സാവകാശം നല്കിയിരിക്കുന്നു. ആരെങ്കിലും നിങ്ങൾക്ക് ഉപഹാരം തന്നാൽ അത് അയാൾക്കുതന്നെ തിരിച്ചുകൊടുക്കാൻ നിങ്ങൾ ആഗ്രഹിക്കുമോ?( അതിനാൽ ദൈവ കല്പനകളെ നിറവേറ്റുന്നതുതന്നെയാണ് തഖ്‌വ. ഏത് നന്മ ഏതു സമയത്ത് അവൻ പറയുന്നുവോ അപ്പോൾ അത് ചെയ്യുക. ഒഴിവാക്കാൻ പറയുമ്പോൾ ഒഴിവാക്കുകയും ചെയ്യുക.(കൻസുൽ ഉമ്മാൽ, ഭാഗം 8, പേജ് 611, ഹദീഥ് 24384, പ്രസാധനം മുഅസ്സസ്ത്തുർ രിസാല, ബെയ്റുത്ത് 1985)

അതുകൊണ്ട് തഖ്‌വാ എന്നു പറയുന്നത് അല്ലാഹുവിന്റെ കൽപ്പനകളനുസരിച്ച് പ്രവർത്തിക്കുക എന്നതാണ്. അവൻ ഏതു നന്മ ചെയ്യാൻ പറഞ്ഞാലും ഉടനെ ചെയ്യുക. ഉപേക്ഷിക്കാൻ പറഞ്ഞാൽ ഉപേക്ഷിക്കുക

അല്ലാഹുവിന്റെ ഇച്ഛയ്ക്കനുസരിച്ച് ചരിച്ചുകൊണ്ട് തഖ്‌വയോടുകൂടി റമളാനിലെ നോമ്പനുഷ്ഠിക്കാൻ നമുക്ക് അവൻ തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹു നമ്മുടെ തഖ്‌വായുടെ നിലവാരം ഉയർത്താൻ തൗഫീഖ് നല്കുമാറാകട്ടെ. നമ്മൾ നോമ്പിൽനിന്ന് രക്ഷപ്പെടാനുള്ള ഒഴികഴിവ് അന്വേഷിക്കുന്നവരാകാതിരിക്കട്ടെ. അതുപോലെ അനാവശ്യമായി നമ്മടുതന്നെ കാഠിന്യം കാണിക്കുന്നവരും ആകാതിരിക്കട്ടെ. എപ്പോഴും ഇസ്‌ലാമിന്റെ സുന്ദരാധ്യാപനങ്ങളെ പ്രാവർത്തികമാക്കുന്നവരാകട്ടെ. ഈ റമളാനിൽ നമ്മൾ അല്ലാഹുവിന്റെ എണ്ണമറ്റ അനുഗ്രഹങ്ങൾ സ്വായത്തമാക്കുന്നവരാകുമാറാകട്ടെ. ഓരോ ദിവസം അനുഗ്രഹങ്ങളും കാരുണ്യവുമായി അത് നമ്മുടെ അടുത്തെത്തട്ടെ. റമളാനിൽനിന്ന് നമുക്ക് യഥാർഥ അനുഗ്രഹം കരസ്ഥമാക്കൻ കഴിയുമാറാകട്ടെ. സ്വീകാര്യയോഗ്യമായ ദുആകൾക്ക് തൗഫീഖ് ലഭിക്കുമാറാകട്ടെ. ലോകത്തുള്ള എല്ലാ അഹ്‌മദികൾക്കും ജമാഅത്തിയായ പുരോഗതി ലഭിക്കാനും എല്ലാ പ്രയാസങ്ങളും അകന്നുപോകാനും ദുആ ചെയ്യുക. ഭരണകൂടങ്ങളുടെയും ദ്രോഹികളുടെയും ദ്രോഹങ്ങളിൽ നിന്ന് അല്ലാഹു നമ്മെ കാത്തുരക്ഷിക്കുമാറാകട്ടെ.

ബന്ധനസ്ഥരുടെ മോചനത്തിനുംവേണ്ടി ദുആ ചെയ്യുക. അവരിൽ പലരും വളരെ പ്രയാസകരമായ അവസ്ഥയിൽ ബന്ധനസ്ഥരാകുന്നു. അല്ലാഹുവിന്റെ കോന്തല ഒരിക്കൽ പിടിച്ചശേഷം നമ്മുടെ ഒരു അവസ്ഥയിലും ഈ കോന്തല വിട്ടുപോകാതിരിക്കുമാറാകട്ടെ എന്ന ദുആ ചെയ്യുക. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നമുക്കുമേൽ വർഷിച്ചുകൊണ്ടിരിക്കുമാറാകട്ടെ.

മുസ്‌ലിം ലോകത്തിനുവേണ്ടി ദുആ ചെയ്യുക. അല്ലാഹു അവർക്ക് ബുദ്ധിയും ബോധവും നല്കുമാറാകട്ടെ. അവർ ആഗതരായ വാഗ്ദത്ത മഹ്ദി മസീഹിനെ തിരിച്ചറിയുന്നവരാകുമാറാകട്ടെ.

യുദ്ധക്കെടുതികളിൽ നിന്ന് രക്ഷപ്പെടുന്നതിനുവേണ്ടിയും ദുആ ചെയ്യുക. മുസ്‌ലിം രാജ്യങ്ങൾ അധികാരത്തിനുവേണ്ടി ചെയ്യുന്ന യുദ്ധങ്ങളുടെ ഫലമായി നിർദോഷികളായ പൊതുസമൂഹം ദ്രോഹത്തിന്റെ ചക്കിൽ അരക്കപ്പെടുകയാണ്. അല്ലാഹു അവർക്കുമേൽ കരുണ ചൊരിഞ്ഞുകൊണ്ട് അവർക്കു രക്ഷ നല്കുമാറാകട്ടെ.

ലോകത്തിന്റെ പൊതുവായ അവസ്ഥക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു യുദ്ധത്തിൽ നിന്നും അതിന്റെ ഭയാനകമായ പരിണിതിയിൽനിന്നും രക്ഷിക്കുമാറാകട്ടെ. യുദ്ധമുണ്ടായാൽ അഹ്‌മദികളും അതിന്റെ പരിണിതിയിൽ പെടുന്നതാണ്. അല്ലാഹു അവരെ അതിൽനിന്ന് കാത്തുസംരക്ഷിക്കുമാറാകട്ടെ. ഇതിൽനിന്ന് രക്ഷപ്പെടുന്നതിന് ഓരോ അഹ്‌മദിയും തന്റെ തഖ്‌വായുടെ നിലവാരം ഉയർത്തേണ്ടതുണ്ട്. അതു തന്നെയാണ് ഹദ്റത്ത മസീഹ് മൗഊദ് (അ)പറയുന്നത്. അല്ലാഹു അതിന് എല്ലാ ഓരോരുത്തർക്കും തൗഫീഖ് നല്കുമാറാകട്ടെ.

ഇവിടെ യുകെയിലും മുസ്‌ലിമീങ്ങളുടെ വൃത്തം ഞെരുക്കാൻ ശ്രമം നടന്നുകൊണ്ടിരിക്കുന്നു. ഭീകരവാദം അവസാനിപ്പിക്കാനെന്ന പേരിൽ ഒരു നിയമം കൊണ്ടുവന്നിട്ടുണ്ട്. പൊതുവിൽ നിരൂപകർ അത് മുസ്‌ലിമീങ്ങളെ ലക്ഷ്യം വെച്ചുള്ളതാണെന്ന് വിലയിരുത്തുന്നു. ഏതായാലും അതിന് പിന്നിൽ അവരുടെ എന്ത് ലക്ഷ്യമാണെന്ന് അല്ലാഹുവിനു മാത്രമെ നന്നായി അറിയുകയുള്ളൂ. ഏതായാലും അല്ലാഹു നമ്മെയും മറ്റുമുസ്‌ലിമീങ്ങളേയും അതിന്റെ ദ്രോഹത്തിൽനിന്ന് സംരക്ഷിക്കേണമേ എന്ന് ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്.

**സ്വദ്ർ അഞ്ചുമൻ അഹ്‌മദിയ്യ ഖാദിയാൻ സ്ഥാപനത്തിൽ സേവനം ചെയ്യാനാഗ്രഹിക്കുന്നവർ ശ്രദ്ധിക്കുക.**
**സെക്കന്റ് ഗ്രേഡ് ഒഴിവിലേക്കുള്ള നിബന്ധനകൾ**

(1) ഉദ്യോഗാർഥിയുടെ പ്രായം 25 വയസ്സിന് മുകളിലും 18വയസ്സിന് താഴെയുമായിരിക്കരുത്(2)ഉദ്യോഗാർഥിയുടെ യോഗ്യത പ്ലസ് ടൂവിൽ 45% മാർക്കുണ്ടായിരിക്കണം.(3)ഉദ്യോഗാർഥി ഉർദു-ഇംഗ്ലീഷ് കമ്പോസിംഗ് അറിഞ്ഞിരിക്കണം. ഒരു മിനുറ്റിൽ 25 വാക്കുകൾ ടൈപ്പു ചെയ്യേണ്ടതാണ്.(4) ഈ വിളംബരത്തിനുശേഷം 2 മാസത്തിനുള്ളിൽ ലഭിക്കുന്ന അപേക്ഷകൾ മാത്രമെ പരിഗണിക്കപ്പെടുകയുള്ളു. (5)പരീക്ഷയ്ക്കുള്ള സിലബസ്സ് താഴെ ചേർക്കുന്നു: എല്ലാ ഭാഗങ്ങൾക്കും ഉത്തരം എഴുതേണ്ടത് നിർബന്ധമാണ്. ഭാഗം 1. വിശുദ്ധ ഖുർആൻ മുഴുവൻ ഓതാൻ അറിയണം. ആദ്യത്തെ ജുസു തർജമയോടെ. * 40 ഹദീഥുകൾ, ഇസ്‌ലാം കാര്യങ്ങൾ, നമസ്കാരും മുഴുവൻ തർജമയോടെ.(30 മാർക്ക്) ഭാഗം 2. പുസ്തകം: കശ്തിയെ നൂഹ്, ബർക്കാത്തുദ്ദുആ, ദീനീ മഅ്ലൂമാത്ത്. * അഹ്‌മദിയ്യ ജമാഅത്തിന്റെ വിശ്വാസാദർശങ്ങളെ കുറിച്ച് പ്രബന്ധം, * പദ്യം ദുർറെഥമീനിൽനിന്ന് (ശാനെ ഇസ്‌ലാം)(20 മാർക്ക്)ഭാഗം 3.ഇംഗ്ലീഷ് പരിജ്ഞാനം. +2 നിലവാരം.(20 മാർക്ക്)ഭാഗം 4. മെട്രിക് നിലവാരത്തിലുള്ള ഗണിതം.(ഓഫീസ് സംബന്ധമായുള്ള ചോദ്യങ്ങൾ)(20 മാർക്ക്)ഭാഗം 5. പൊതു വിജ്ഞാനം(ഏ.ഗ)(10 മാർക്ക്)

(6)എഴുത്തുപരീക്ഷയിൽ പാസാകന്നവർക്കു മാത്രമെ ഇന്റർവ്യു ഉണ്ടാകുകയുള്ളു. (7) എഴുത്തുപരീക്ഷ, കമ്പ്യൂട്ടർ ടെസ്റ്റ്, ഇന്റർവ്യൂ എന്നിവയിൽ പാസാകുന്നവർ ഖാദിയാൻ നൂർ ആശുപത്രിയിൽനിന്ന് മെഡിക്കൽ പരിശോധന നടത്തേണ്ടതാണ്. നൂർ ആശുപത്രിയുടെ മെഡിക്കൽ ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും ഉദ്യോഗാർഥി സേവനത്തിന് അർഹനാകുക.(8)തിരഞ്ഞെടുക്കപ്പെട്ടാൽ ഉദ്യോഗാർഥി ഖാദിയാനിൽ താമസസൗകര്യം സ്വയം ചെയ്യേണ്ടതാണ്. പിന്നീട് താമസസൗകര്യത്തിനുവേണ്ടിയുള്ള അപേക്ഷകളിൽ ഒരു നടപടിയും ഉണ്ടാകുന്നതല്ല.(9)യാത്രാചെലവുകൾ ഉദ്യോഗാർഥി സ്വയം വഹിക്കേണ്ടതാണ്.

(നോട്ട്:എഴുത്തുപരീക്ഷ ഇന്റർവ്യൂ എന്നവയുടെ തിയതികൾ ഉദ്യേഗാർഥികളെ പിന്നീട് അറിയിക്കുന്നതാണ്)

കൂടുതൽ വിവരത്തിനു ബന്ധപ്പെടുക:
NAZARATH DEEVAN SADR ANJUMAN AHMADIYYA QADIAN, PIN 143 516
Mob:09682627592, 09682587713, Office:01872501130

**129-ാമത് ജൽസ സാലാന ഖാദിയാൻ 2024 ഡിസംബർ 27,28,29 തിയതികളിൽ**

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 129-ാമത് ജൽസ സാലാന ഖാദിയാൻ 2024 ഡിസംബർ 27,28,29(വെള്ളി, ശനി, ഞായർ) തിയതികളിൽ സംഘടിപ്പക്കാൻ അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ദുആയോടുകൂടി ഈ ആത്മീയ സമ്മേളനത്തിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ നടത്തുക. ഈ ജൽസ ലോകത്തിന് ഹിദായത്തിനുള്ളമാർഗമാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ജസാക്കുമുല്ലാഹ് (നാളിർ ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ ഖാദിയാൻ)

**• അല്ലാഹുവിന്റെ കലാം: •**

**നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക. (വിശുദ്ധ ഖുർആൻ 26:215 – 216)**


tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM

**• അല്ലാഹുവിന്റെ കലാം: •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**

# സമസൃഷ്ടികളോടുള്ള കടമകൾ നിരവേറ്റുക

**ഈദുൽഫിത്വ്ർ ഖുത്വ്ബ സംഗ്രഹം 22.04.2022**

**സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)**

**യു.കെയിൽ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്**

മറ്റൊരു റമളാനിലൂടെ കടന്നുപോകാൻ അല്ലാഹു നമുക്ക് സൗഭാഗ്യം നല്കിയത് അല്ലാഹുവിന്റെ വലിയ അനുഗ്രഹമാണ്. ഇതിൽ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ആരാധിക്കാൻ അല്ലാഹു അവസരം നൽകിയ നിരവധി പേരുണ്ടാകും. അല്ലാഹുവിന്റെ അനുഗ്രഹദർശനങ്ങൾ കണ്ടവരും ഏറെയുണ്ടാകും. ഈ മുപ്പതു ദിവസങ്ങളിൽ അല്ലാഹുവിന്റെയും അവന്റെ ദാസരുടെയും കടമൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നിറവേറ്റാൻ നമ്മളിൽ പലർക്കും അവസരം ലഭിച്ചു എന്നത് അല്ലാഹുവിന്റെ വലിയ അനുഗ്രഹമാണ്. അല്ലാഹുവിന്റെ കല്പന പ്രകാരം ഇന്ന് ഈദ് ആഘോഷിക്കുമ്പോൾ ഈ അവസ്ഥ വർഷത്തിന്റെവരും ദിവസങ്ങളിൽ തുടരാൻ അല്ലാഹു നമ്മെ പ്രതിജ്ഞാബദ്ധരാക്കാനും, അല്ലാഹു നമ്മളിൽ നിന്ന് ആഗ്രഹിക്കുംവിധവും ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് നല്കിയ അധ്യാപന മനുസരിച്ചും നമ്മുടെ ആരാധനകളുടെ നിലവാരം നിലനിറുത്താൻ പരിശ്രമിക്കാനും അവൻ അനുഗ്രഹിക്കട്ടെ. അതോടൊപ്പം വിശുദ്ധ ഖുർആൻ നമ്മെ ഓർമിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്ത ജനങ്ങളുടെ അവകാശങ്ങളോടുള്ള നിലവാരത്തിന്റെ തലങ്ങൾ കൈവരിക്കാനും നമ്മൾ ശ്രമിക്കേണ്ടതാണ്. അങ്ങനെ ജീവിക്കുന്നവരായി നമ്മൾ മാറിയാൽ അതാണ് നമ്മുടെ യഥാർഥ ഈദ്.

അല്ലാഹുവിനെ ആരാധിക്കുന്നതിനോടൊപ്പം പരസ്പരമുള്ള അവകാശങ്ങൾ നിറവേറ്റുകയും ചെയ്യുന്ന സമൂഹം തന്നെയാണ് അല്ലാഹു തആലായുടെ അനുഗ്രഹത്തിന്റെ അവകാശികളായിത്തീരുന്ന സമൂഹം. ഇതു സംഭവിക്കുമ്പോൾ, ഈ സമൂഹം ഒരു സ്വർഗവും യഥാർഥ സന്തോഷത്തിന്റെ ഉറവിടവുമായിത്തീരുന്നു. അതിനാൽ ഈ ചിന്തയോടെ നമ്മൾ ഓരോരുത്തർക്കും നമ്മുടെ പ്രവർത്തനങ്ങളിൽ ഈ മാറ്റം സൃഷ്ടിച്ചുകൊണ്ട് ഈദിന്റെ അനുഗ്രഹങ്ങൾ ഓരോ നിമിഷവും, വർഷം മുഴുവനും നമ്മിൽ എത്തിച്ചേരുന്ന തരത്തിൽ ജീവിക്കാൻ നമ്മൾ ശ്രമിക്കണം.

ഹുഖൂഖുൽ ഇബാദ് (മനുഷ്യരോടുള്ള കടമകൾ) എന്ന അല്ലാഹുവിന്റെ രണ്ടാമത്തെ കൽപ്പനയെക്കുറിച്ച് ഇന്ന് ഞാൻ സംസാരിക്കുന്നതാണ്. എന്നാൽ, പെരുന്നാൾ രാത്രിയുമായി ഒരു പ്രത്യേക ബന്ധമുള്ള ആരാധനയെക്കുറിച്ച് ഞാൻ ആദ്യം ഒരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്.

നബി(സ)തിരുമേനി പറഞ്ഞു: രണ്ട് പെരുന്നാളുകളുടെ രാത്രികളിൽ അല്ലാഹുവിനുവേണ്ടി മാത്രമായി ആരാധന നടത്തുന്നവന്റെ ഹൃദയം എന്നെന്നേക്കുമായി ജീവിപ്പിക്കുന്നതാണ്. ലോകത്തിലെ മുഴുവൻ ഹൃദയങ്ങളും മരിക്കുന്നതുവരെ അവന്റെ ഹൃദയം മരിക്കില്ല. അതുകൊണ്ട് അല്ലാഹുവിനോടുള്ള കടമകൾ നിർവഹിക്കണമെന്ന കാര്യം മറക്കുന്ന തരത്തിൽ പെരുന്നാളിന്റെ സന്തോഷങ്ങളിലും പരിപാടികളിലും മുഴുകിപ്പോകരുതെന്ന കാര്യം എപ്പോഴും നമ്മുടെ മുമ്പിൽ വെക്കേണ്ടതാണ്. നമ്മുടെ ഭാവിയെ കുറിച്ചും നാം വേവലാതിപ്പെടേണ്ടിയിരിക്കുന്നു.

ഈ ലോകം മാത്രമല്ല നമ്മുടെ ലക്ഷ്യം. മറിച്ച് ഈദ് ദിനത്തിൽ, വരുന്ന രാത്രിയും തുടർന്നുള്ള രാത്രികളും അല്ലാഹുവിന്റെ ആരാധനയെ അവഗണിക്കരുത്. നമ്മൾ അതനുസരിച്ച് പ്രവർത്തിക്കുമ്പോൾ, നമ്മുടെ ഹൃദയങ്ങൾക്ക് ശാശ്വതമായ യഥാർഥ ജീവൻ ലഭിക്കുന്നതാണ്. അത് അല്ലാഹുവിന്റെ പ്രീതി നേടുന്നതിലൂടെ ലഭിക്കുന്നതാണ്. അതിലൂടെ ഈ ലോകത്തും സന്തോഷങ്ങൾ കൈവരിച്ചുകൊണ്ട് നമ്മുടെ ജീവിതം സ്വർഗമായിത്തീരുകയും, പരലോകത്തും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളാക്കിക്കൊണ്ട് സ്വർഗത്തിലേക്ക് കൊണ്ടുപോകുകയും ചെയ്യുന്നു. അല്ലാഹു ഈ രാത്രിയിലും തുടർന്നും നമ്മുടെ ആരാധനാകർത്തവ്യം നിറവേറ്റാനും നമ്മുടെ ഹൃദയങ്ങളെ സജീവമാക്കി നിറുത്താനുമുള്ള തൗഫീഖ് നമുക്ക് നൽകുമാറാകട്ടെ.

മനുഷ്യരോടുള്ള കടമ നിറവേറ്റാൻ നിർദേശിച്ചുകൊണ്ട് അല്ലാഹു ഒരിടത്ത് നൽകിയ നിർദേശങ്ങളുടെ അവസാനം പറഞ്ഞു: ഈ കടമ നിറവേറ്റുന്നില്ലെങ്കിൽ, നിങ്ങൾ അഹങ്കാരിയും അല്ലാഹു ഇഷ്ടപ്പെടാത്ത പൊങ്ങച്ചക്കാരുമാണ്.

ഞാൻ പാരായണം ചെയ്ത വചനത്തിന്റെ തർജമ ഇതാണ്: അല്ലാഹുവിനെ ആരാധിക്കുകയും അവനോടു ഒന്നിനേയും പങ്കുചേർക്കാതിരിക്കുകയും ചെയ്യുക, മാതാപിതാക്കൾക്കും അടുത്ത ബന്ധുക്കൾക്കും അനാഥർക്കും അഗതികൾക്കും അടുത്തബന്ധുവായ അയൽക്കാർക്കും അന്യനായ അയൽക്കാർക്കും കൂട്ടുകാർക്കും യാത്രക്കാർക്കും നിങ്ങളുടെ ഉടമസ്ഥതയിലുള്ളവർക്കും നന്മ ചെയ്യുക. തീർച്ചയായും അഹങ്കാരിയും പൊങ്ങച്ചക്കാരനുമായവനെ അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല.

അതിനാൽ, പരസ്പരാവകാശങ്ങൾ, കുടുംബാവകാശങ്ങൾ, ബന്ധങ്ങളുടെ അവകാശങ്ങൾ, സമൂഹത്തിന്റെ അവകാശങ്ങൾ എന്നിവയെ സംബന്ധിച്ച് അല്ലാഹു വിശദീകരണം നൽകിയിട്ടുണ്ട്. ഇതിൽ അല്ലാഹു പറയുന്നത്, ശിർക്കിൽനിന്ന് രക്ഷനേടി ആരാധനയുടെ അവകാശം നിറവേറ്റിയ ശേഷം നിങ്ങൾ നിറവേറ്റേണ്ട ആദ്യത്തെ കടമ, നിങ്ങളുടെ മാതാപിതാക്കളോടുള്ളതാണ്. പിന്നെ ക്രമേണ ബാക്കിയുള്ള ബന്ധുക്കളുടെ അവകാശങ്ങളാണ്. പറഞ്ഞു: അവരോടൊരിക്കലും ഛെ എന്നുപോലും പറയരുത്. അതിനാൽ, നിങ്ങൾ മാതാപിതാക്കളോടു ദയയോടെ പെരുമാറണമെന്ന് പറയുമ്പോൾ അതിനർഥം നിങ്ങൾ അവർക്ക് ഒരു ഉപകാരം ചെയ്യാൻ പോകുന്നുവെന്നല്ല, മറിച്ച് നിങ്ങളെ വളർത്തിയ അവരോടു നിങ്ങൾ കടപ്പെട്ടിരിക്കുന്നു എന്നാണ്. അതിനാൽ, അവർ പറയുന്നതെല്ലാം സഹിക്കേണ്ടത് നിങ്ങളുടെ കടമയാണ്. അവർ മതത്തിനോ ദൈവത്തിനോ എതിരെ എന്തെങ്കിലും പറഞ്ഞാൽ, അവർ പറയുന്നത് കേൾക്കാനും പാടില്ല. ബാക്കിയുള്ള എല്ലാ ഭൗതിക കടമകളും അവർക്ക് നൽകേണ്ടതാണ്.

ഒരു പുരുഷനോട് തന്റെ മാതാപിതാക്കളോട് ദയയോടും സേവനത്തോടും പെരുമാറാൻ കൽപ്പിക്കപ്പെട്ടിരിക്കുന്നതുപോലെ സ്ത്രീകളോടും കൽപിക്കപ്പെട്ടിരിക്കുന്നു എന്ന് ഞാൻ ഇവിടെ വ്യക്തമാക്കട്ടെ. അതിനാൽ, പുരുഷന്മാരും സ്ത്രീകളും പരസ്പരം മാതാപിതാക്കളോടും അടുത്ത ബന്ധുക്കളോടും തുല്യമായി കടമകൾ നിർവഹിക്കുമ്പോൾ യഥാർഥ സമാധാനം സ്ഥാപിക്കപ്പെടുന്നതാണ്; സന്തോഷം കണ്ടെത്തുന്നതാണ്; പരസ്പരം സ്നേഹത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നതുമാണ്.

സൃഷ്ടികളോടുള്ള കടമകളിൽ പിന്നീട് അല്ലാഹു പറഞ്ഞത്, നിങ്ങളുടെ അടുത്ത ബന്ധുക്കളോടു അനുകമ്പയോടും ദയയോടുംകൂടി പെരുമാറണമെന്നാണ്. ഒരിക്കൽ നബി(സ)തിരുമേനി പറഞ്ഞു: ഉദാരമായ ഉപജീവനം ആഗ്രഹിക്കുന്ന അല്ലെങ്കിൽ ദീർഘായുസ്സ് ആഗ്രഹിക്കുന്ന ഒരാൾ തന്റെ ബന്ധുക്കളോടുള്ള കടമ നിറവേറ്റുകയും അവരെ ബഹുമാനിക്കുകയും ചെയ്യുക. അതിൽ എല്ലാ ബന്ധങ്ങളും ഉൾപ്പെടുന്നു

പിന്നീട് അല്ലാഹു പറഞ്ഞു: അനാഥരോടു ദയയോടെ പെരുമാറുക. അവരെ മറക്കരുത്, അവരോടുള്ള കടമ നിറവേറ്റുക. അവരെ നിങ്ങളുടെ സമൂഹത്തിന്റെ ഏറ്റവും മികച്ച ഭാഗമാക്കുക. രണ്ടു വിരലുകൾ കൂട്ടിച്ചേർത്തു കാണിച്ചുകൊണ്ട് ഇതുപോലെ ഞാനും അനാഥകളെ പരിപാലിക്കുന്നവരും സ്വർഗത്തിൽ ഒരുമിച്ചായിരിക്കുമെന്ന് പറഞ്ഞ നബി(സ)തിരുമേനി അനാഥരെ പരിപാലിക്കാൻ എത്രയോ ഉപദേശങ്ങൾ നൽകിയിട്ടുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിലും അനാഥരെ പരിപാലിക്കാനുള്ള വ്യവസ്ഥിതിയുണ്ട്. അതിന് യതാമാഫണ്ട് എന്നൊരു ഫണ്ടുതന്നെയുണ്ട്, പെരുന്നാൾ വേളയിലെ സന്തോഷത്തിലും അതിലും ചെലവഴിക്കേണ്ടതാണ്. നമ്മുടെ സന്തോഷത്തിൽ അവരെയും ഉൾപ്പെടുത്തുകയും വർഷം മുഴുവനും അതിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും വേണം. അതിനാൽ ഒരു വ്യക്തിയുടെ സംസ്കരണത്തിന് അനാഥരെയും ദരിദ്രരെയും പരിപാലിക്കേണ്ടത് വളരെ പ്രധാനമാണ്. ഈ നല്ല പ്രവൃത്തികൾ ത്യാഗങ്ങൾ ചെയ്തുകൊണ്ടാണ് ചെയ്യേണ്ടത്. എന്റെ കൈയിൽ പണമില്ല അതുകൊണ്ട് എനിക്ക് കഴിയില്ല, എന്നാരെങ്കിലും പറഞ്ഞാൽ പറ്റില്ല, നിങ്ങളുടെ ചെലവു ചുരുക്കി മറ്റുള്ളവരെ സഹായിക്കുന്നത് തീർച്ചയായും അല്ലാഹുവിന്റെ അനുഗ്രഹത്തെ ആകർഷിക്കുന്നു. ഈ ചിന്തയാണ് സമൂഹത്തിൽനിന്ന് ആശങ്കകള കറ്റുന്നത്.സൽകർമങ്ങൾ ചെയ്യുന്നത് ദൈവപ്രീതിക്കുവേണ്ടിയാണെങ്കിൽ അതിന്റെ പ്രതിഫലവും

## • ഹദീഥുന്നബ്‌വി(സ) •

'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)

## • കലാമുൽ ഇമാം: •

"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാല്യം 1, പേജ് 220)

ത്വാലിബെ ദുആ:
RAHMAN SHAKEErR& FAMILY
AHMADIYYA JAMA'ATH KARULAI, KERALA

ത്വാലിബെ ദുആ:
C.K.MUHAMMED SHAREEF &FAMILY
AHMADIYYA MUSLIM JAMA'ATH VANIYAMBALAM, KERALA

അവനിൽനിന്ന് ലഭിക്കുന്നതാണ്.

പിന്നെ ജമാഅത്തിലെ ദുർബലരുടെ ആവശ്യങ്ങൾ നിറവേറ്റാൻ വേറെയും ഫണ്ടുകളുണ്ട്. പാവപ്പെട്ടവരുടെ ആവശ്യങ്ങൾ ഒരു പരിധിവരെ നിറവേറ്റപ്പെടുന്ന ഒരു ഫണ്ടാണ് മർയം ശാദി ഫണ്ട്. ഇതിനും ജമാഅത്തംഗങ്ങൾ പ്രത്യേകം പരിശ്രമിക്കുകയും കഴിവുള്ളവർ ഒന്നിലധികം ദരിദ്ര ദമ്പതികളുടെ വിവാഹം നടത്തിക്കൊടുക്കുകയും വേണം. അല്ലാഹു നൽകിയ ഉപജീവനത്തിൽനിന്ന് അല്ലാഹുവിനുവേണ്ടി ചെലവഴിക്കുന്നതാണ് യഥാർഥ സന്തോഷം. ഈദ് ദിനത്തിൽ നല്ല വസ്ത്രം ധരിച്ച്, നല്ല ഭക്ഷണം കഴിച്ച് മാത്രം ആസ്വദിക്കുന്ന പെരുന്നാളിന്റെ ഈ സന്തോഷങ്ങൾ താൽക്കാലികമാണ്. പിന്നെ പാവപ്പെട്ട രോഗികളെ ചികിൽസിക്കാനുള്ള ചെലവുകളുണ്ട്; അതിനും ഫണ്ടുണ്ട്. ഈ ഭാഗത്തേക്കും ശ്രദ്ധ വേണം.

പിന്നീട് അല്ലാഹു പറയുന്നു: നിങ്ങളുടെ അടുത്ത അയൽക്കാർക്കും അന്യനായ അയൽക്കാർക്കും നന്മ ചെയ്യുക. അതിനാൽ, ഈദുദിനത്തിൽ അയൽക്കാർക്ക് സമ്മാനങ്ങൾ നൽകുന്നതിലൂടെയോ അവരെ നന്നായി കണ്ടുമുട്ടുന്നതിലൂടെയോ, സമാധാനത്തിന്റെയും സുരക്ഷിതത്വത്തിന്റെയും ഒരു സമൂഹം സ്ഥാപിക്കപ്പെടുന്നു. പ്രത്യേകിച്ച് അമുസ്‌ലിം സമൂഹത്തിൽ, അയൽക്കാരുമായുള്ള ബന്ധം ഈ രീതിയിൽ വർധിപ്പിക്കുമ്പോൾ, തബ്‌ലീഗിനുള്ള പാതയും തുറക്കുന്നതാണ്. ഈ ബന്ധങ്ങൾ വിശാലമാക്കിക്കൊണ്ട് മറ്റുള്ളവരോടു നന്മചെയ്യാനും അവരോടുള്ള കടമ നിറവേറ്റാനും അല്ലാഹുത്തആല നമ്മെ ഉദ്ബോധിപ്പിക്കുന്നു. നമ്മുടെയുള്ളിൽ പരിശുദ്ധമായ മാറ്റങ്ങൾ നടപ്പിലാക്കേണ്ടതാണ്. മനോഹരമായ ഒരു സമൂഹത്തെ സൃഷ്ടിക്കുകയും വേണം. പരസ്പരമുള്ള ഭൗതിക ഇടപാടുകളിലും, കുടുംബബന്ധങ്ങളിലും, ഭർത്താവും ഭാര്യയും തമ്മിലും, അമ്മായിയമ്മ മരുമകൾ തമ്മിലും നാത്തൂന്മാർ തമ്മിലും കടമകൾ നിറവേറ്റാൻ ശ്രമിക്കേണ്ടതാണ്. അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി പരസ്പരം കുടുംബബന്ധങ്ങൾ കാത്തുസൂക്ഷിക്കേണ്ടിവരും. അല്ലാത്തപക്ഷം, ഇസ്‌ലാമിക അധ്യാപനങ്ങളുടെ സവിശേഷതകൾ മറ്റുള്ളവരോടു പറയാൻ നമുക്ക് അവകാശമില്ല.

തുടർന്ന് അല്ലാഹു പറയുന്നു: നിങ്ങളുടെ കീഴിലുള്ളവരെ പരിപാലിക്കേണ്ടതും അവരോടുള്ള കടമ നിറവേറ്റേണ്ടതും നിങ്ങളുടെ ബാധ്യതയാണ്. നമ്മുടെ അവകാശങ്ങൾക്കുവേണ്ടിമാത്രം പോരാടരുത്, മറ്റുള്ളവർക്ക് അവരുടെ അവകാശങ്ങൾ നൽകുകയും വേണം. നമ്മളോരോരുത്തരും അല്ലാഹുവിന്റെ ഈ ഉപദേശം പിന്തുടരുന്നവരായി മാറുകയാണെങ്കിൽ, യഥാർഥത്തിൽ നമുക്ക് സന്തോഷകരമായ ജീവിതം നയിക്കാൻ കഴിയുന്നതാണ്. നമ്മുടെ പെരുന്നാളുകൾ താൽക്കാലികമായ പെരുന്നാളുകളാകുകയില്ല. മറിച്ച് എല്ലാ ദിവസവും നമുക്ക് ഈദ് ദിനമായിരിക്കും. അല്ലാഹുത്തആല നമ്മെ എപ്പോഴും നമ്മുടെ സംസ്കരണത്തിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കാൻ അനുഗ്രഹിക്കട്ടെ. ദൈവികാധ്യാപനങ്ങൾക്കനുസൃതമായിപരസ്പരം അവകാശങ്ങൾ നിറവേറ്റാൻ സാധിക്കുമാറാകട്ടെ. എല്ലാ വിദ്വേഷങ്ങളും മറന്ന് സമാധാനത്തിന് അടിത്തറയിടുന്നവരായിത്തീരട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചെയ്ത ബയ്അത്തിന്റെ കടമ നിറവേറ്റിക്കൊണ്ട് നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷവും യഥാർഥ ഈദിന്റെ സന്തോഷമാക്കാൻ സാധിക്കുമാറാകട്ടെ. അല്ലാഹു നമുക്കിതിന് തൗഫീഖ് നൽകുമാറാകട്ടെ. ഈ പെരുന്നാൾകൊണ്ട് അല്ലാഹു നമ്മളേവരെയും അനുഗ്രഹിക്കുമാറാകട്ടെ. നിങ്ങൾക്കെല്ലാവർക്കും ഈദാശംസകൾ.

ഇനി നമ്മൾ ദുആ ചെയ്യുന്നതാണ്. ദുആയിൽ പൊതുവെ മനുഷ്യരാശിയെ ഓർക്കുക. പ്രത്യേകിച്ച് സുഡാനിലെ കലാപത്തിന്നിരയായവരെ! ഭക്ഷണം കിട്ടാതെ, ഒരു തുള്ളി വെള്ളംപോലും കിട്ടാതെ വലയുന്നവരെ ഓർക്കുക. ആഗോള അഹ്‌മദിയ്യാ ജമാഅത്തിനെ പൊതുവായി പ്രാർഥനയിൽ ഓർക്കുക. അല്ലാഹു ജമാഅത്തിനെ അനുഗ്രഹിക്കുമാറാകട്ടെ. എവിടെയെല്ലാം അഹ്‌മദികൾ ഏതെങ്കിലും രൂപത്തിൽ അതിക്രമങ്ങൾക്ക് ഇരയായിട്ടുണ്ടോ അല്ലാഹു അവരെ സംരക്ഷിക്കുകയും അക്രമികളെ പിടിക്കുകയും ചെയ്യുമാറാകട്ടെ. തടവിലാക്കപ്പെട്ട അഹ്‌മദികൾക്ക് വേണ്ടിയും പ്രാർഥിക്കുക. അവരുടെ മോചനത്തിനുള്ള സാഹചര്യങ്ങൾ അല്ലാഹു എത്രയുംവേഗം ഉണ്ടാക്കുമാറാകട്ടെ. അഹ്‌മദിയ്യത്തിലെ ശഹീദുമാരുടെ കുടുംബങ്ങൾക്കുവേണ്ടി പ്രാർഥിക്കുക, അല്ലാഹു അവരെ എപ്പോഴും സംരക്ഷിക്കുകയും അവരുടെ വിശ്വാസം വർധിപ്പിക്കുകയും ചെയ്യുമാറാകട്ടെ. രോഗികൾക്കും ദരിദ്രർക്കുംവേണ്ടി പ്രാർഥിക്കുക. ലോകത്തുനിന്ന് എല്ലാ അനാചാരങ്ങളും ബഹുദൈവാരാധനയും അവസാനിക്കാനും പ്രാർഥിക്കുക. ഇസ്‌ലാമിക ലോകത്തിനായും പ്രാർഥിക്കുക, അല്ലാഹു മുസ്‌ലിമീങ്ങൾക്ക് വിവേകം നൽകുമാറാകട്ടെ. ഇക്കാലത്തെ ഇമാമിൽ വിശ്വസിക്കാൻ അവരുടെ ഹൃദയം തുറക്കുമാറാകട്ടെ, കാരണം ഇത് അവരുടെ രക്ഷയ്ക്കും ഭിന്നതകൾ അവസാനിപ്പിക്കുന്നതിനുമുള്ള ഏകമാർഗമാണ്. അങ്ങനെ മുസ്‌ലിംലോകം ഒന്നിക്കുമ്പോൾ, അത് നമ്മുടെ യഥാർഥ ഈദായിരിക്കും. അത് ഇസ്‌ലാമിക ലോകത്തെ യഥാർഥ ഈദുമായിരിക്കും. ഈ ദൃശ്യം കാണാൻ സർവ്വശക്തനായ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. അല്ലാഹുത്തആല ലോകത്ത് ഏക ദൈവത്തിന്റെ ഭരണം സ്ഥാപിക്കുമാറാകട്ടെ. എന്തുകൊണ്ടെന്നാൽ ലോകത്തിന് സന്തോഷം കൈവരിക്കാൻ കഴിയുന്ന ഒരേയൊരു മാർഗമാണിത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു നിർദേശവും പ്രാർഥനയും ഞാൻ സമർപ്പിക്കുകയാണ്. ആ മഹാത്മാവ് പറയുന്നു: ഒരാൾ അധാർമികതയും ദുഷ്കർമവും ഉപേക്ഷിച്ചാൽ അവനെന്ത് ദോഷമുണ്ടാകാനാണ്? സൃഷ്ടിയെ ആരാധിക്കാതിരുന്നാൽ അവനെന്ത് നഷ്ടമുണ്ടാകാനാണ്? പറഞ്ഞു: തീ പടർന്നു പിടിച്ചിരിക്കുകയാണ്. എഴുന്നേറ്റ് നിന്റെ കണ്ണുനീർകൊണ്ട് ഈ തീ കെടുത്തുക. അല്ലാഹു അതിനു നമുക്ക് സൗഭാഗ്യം നൽകുമാറാകട്ടെ.

## സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസി(അയ്യദഹുല്ലാഹ്)ന്റെ ജർമൻപര്യടനം(ജൂൺ 2014)

വിവ: മൗലവി അമീൻ മുഹമ്മദ്, മാത്ര

**2014 ജൂൺ 07, ശനിയാഴ്ച:**

### ഫ്രീഡ്ബെർഗ്(ജർമനി)ദാറുൽ അമാൻ മസ്ജിദിന്റെ ഉദ്ഘാടനം

***ഹുദൂർ അൻവറിന്റെ അനുഗ്രഹ പ്രഭാഷണം:***

തശഹ്ഹുദും തഅവ്വുദിനുംശേഷം ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു:അൽഹംദുലില്ലാഹ്!സർവസ്തുതിയും അല്ലാഹുവിനാകുന്നു. ഇന്ന് ഫ്രീഡ്ബെർഗ് ജമാഅത്തിന് ഈ മസ്ജിദിന്റ ഉദ്ഘാടനം നടത്താൻ അവസരം ലഭിച്ചിരിക്കുകയാണ്. ജമാഅത്തിന് ഇതൊരു സന്തോഷ സുദിനമാണെന്ന് ഒരു പ്രഭാഷകൻ സൂചിപ്പിക്കുകയുണ്ടായി. നിശ്ചയമായും നമുക്ക് സന്തോഷത്തിന്റെ ദിനമാണ്. കാരണം ഇന്ന് നമുക്ക്, ഈ പട്ടണത്തിൽ വസിക്കുന്ന അഹ്‌മദികൾക്ക് ഏകനായ ദൈവത്തെ ആരാധിക്കുന്നതിന് ഒരു ഭവനവും കെട്ടിടവും കരസ്ഥമായിരിക്കുന്നു. ഇവിടെ അഞ്ചുനേരവും വന്ന് നമസ്കരിക്കാൻ സാധിക്കുന്നതാണ്. ഇതിന്റെ പേര് *മസ്ജിദ് ദാറുൽഅമാൻ* എന്നാണ് വെച്ചിട്ടുള്ളത്. നമുക്ക് ആരാധിക്കുന്നതിനുള്ള ഇടം നമുക്ക് കൈവന്നതുപോലെ, ഈ നാമം സൂചിപ്പിക്കുന്നതുപോലെ ഇവിടെ വരുന്നവർ ശാന്തിയും സമാധാനവും തേടിയാണ് വരുന്നത്. കാരണം തന്റെ സൃഷ്ടികളെ സൃഷ്ടിച്ച ദൈവം അവർക്ക് ശാന്തിയും സമാധാനവും ലഭിക്കണമെന്ന് ആഗ്രഹിക്കുന്നു. ഇതേ ലക്ഷ്യമാണ് ഈ മസ്ജിദിന്റേതും. ഇതു മാത്രമല്ല, ഇവിടെ വരുന്നവർ സമാധാനത്തിലായിരിക്കും. മാത്രമല്ല, നാമം സൂചിപ്പിക്കുന്നതുപോലെതന്നെ ഈ മസ്ജിദ് പ്രദേശവാസികൾക്കും മിത്രങ്ങൾക്കും ഏതു മതവുമായി ബന്ധമുള്ള വ്യക്തികൾക്കും ശാന്തിക്കും സമാധാനത്തിനും സുരക്ഷക്കും ജാമ്യവുമാണ്. ഇത് മസ്ജിദിന്റെ അടിസ്ഥാന ലക്ഷ്യമാണ്. ഇവിടെ വരുന്നവർ ഇൻശാഅല്ലാഹ് ഈ ലക്ഷ്യം പൂർത്തിയാക്കാൻ ശ്രമിക്കുന്നതായിരിക്കും.

ഉദ്ഗ്രഥനത്തെ(കിലേഴ്യമശേീ)കുറിച്ചും ഇവിടെ പരാമർശമുണ്ടായി. ഒരു വ്യക്തി എവിടെയെങ്കിലും സ്വന്തം വീടുണ്ടാക്കുമ്പോൾ അയാളവിടെ ഇന്റഗ്രേറ്റാകുന്നു എന്നാണ് അതിന്റെ അർഥം. അല്ലെങ്കിൽ ആകാനാഗ്രഹിക്കുന്നു. അല്ലെങ്കിൽ ജനങ്ങളുമായി തന്നെ ചേർക്കാനാഗ്രഹിക്കുന്നു. എന്നാൽ, ഉദ്ഗ്രഥനത്തിന് കൂടുതൽ മാനങ്ങളുണ്ടെന്നാണ് എന്റെ അഭിപ്രായം. നിങ്ങൾ വസിക്കുന്നിടത്ത്, നിങ്ങൾ പാർക്കുന്ന പട്ടണത്തിൽ, നിങ്ങൾ ജീവിക്കുന്ന രാഷ്ട്രത്തിൽ വസിക്കുന്നവർക്കുവേണ്ടി ഹൃദയത്തിൽ സ്നേഹമുണ്ടാക്കുക. അതിന്റെ ശ്രേയസ്സിനും ഉന്നമനത്തിനുംവേണ്ടി അധ്വാനിക്കുക. അഹ്‌മദിയ്യാ ജമാഅത്തിന്റെ ലക്ഷ്യം ഇതുതന്നെയാണ്.

ജമാഅത്തിലെ പുറത്തു നിന്നുവരുന്ന അഭയാർഥികൾ താമസമാക്കുന്ന ഇടങ്ങളിൽ അവർക്ക് ജനിക്കുന്ന കുട്ടികൾ ജർമൻ പൗരത്വമുള്ളവരാണ്. അത്തരം വ്യക്തികൾ ഉദ്ഗ്രഥനത്തിന്റെ ഉദ്ദേശ്യത്തെ കുറിച്ച് ബോധവാന്മാരാകേണ്ടത് നിർബന്ധമാണ്. താൻ താമസിക്കുന്ന നാട്ടിന് സ്വയം സേവനം ചെയ്യുന്നവരാകണം അവർ. ആ നാടിന്റെ പുരോഗതിയിൽ ഭാഗഭാക്കാകണം. അതിന്റെ ശ്രേയസ്സിനു വേണ്ടി തന്റേതായ എല്ലാ കഴിവുകളും ഉപയോഗപ്പെടുത്തണം. അപ്പോൾ മാത്രമേ നമ്മൾ ഈ സമൂഹത്തിൽ, ഈ രാജ്യത്തിൽ യഥാർഹം ചേർന്നവരായെന്ന് പറയാൻ സാധിക്കുകയുള്ളൂ. ബാഹ്യമായി ഒരു വീടുണ്ടാക്കി എന്നതുകൊണ്ട് മാത്രം പ്രസ്തുത ലക്ഷ്യം പൂർത്തിയാക്കാൻ സാധിക്കുകയില്ല. ഇതാണ് നമ്മുടെ അധ്യാപനം. ഇതനുസരിച്ചാണ് നമ്മൾ പ്രവർത്തിക്കാൻ ശ്രമിക്കുന്നത്.

ശാന്തി-സമാധാനത്തെ കുറിച്ചുള്ള കാര്യമാണ് അടുത്തത്. ഈ മസ്ജിദിന്റെ നാമം *ദാറുൽഅമാൻ* എന്നാണെന്ന് ഞാൻ സൂചിപ്പിച്ചു. സമാധാനവും സുരക്ഷിതത്വവും ലഭിക്കുന്നിടം എന്ന് സാരം. ഇവിടെ ആരാധനയ്ക്കായി വരുന്നവർ ഉന്നത സ്വഭാവങ്ങൾ പുലർത്തുന്നതിനോടൊപ്പം ഓരോരുത്തരും വാക്കിലും പ്രവർത്തിയിലും മറ്റുള്ളവർക്കുവേണ്ടി ശാന്തിയും സ്നേഹവും

പ്രസരിപ്പിക്കുന്നവരായി കാണപ്പെടുകയുംവേണം. ഇതുണ്ടാകുമ്പോൾ മനുഷ്യത്വത്തിന്റെ മൂല്യങ്ങൾ നിലനില്ക്കും. കാലഘട്ടത്തിന്റെ ആവശ്യമായ മൂല്യങ്ങൾ സ്ഥാപിതമാകും. ഇക്കാലഘട്ടത്തിൽ ഇതു വളരെ വലിയൊരു കാര്യമാണ്. കാരണം ലോകത്ത് നാനാഭാഗത്തും കുഴപ്പങ്ങൾ വ്യാപകമാണ്. ഈ കുഴപ്പങ്ങൾ നീക്കുന്നതിന് സ്നേഹത്തിന്റെ ആവശ്യമുണ്ട്. സ്നേഹത്തിനുശേഷം മാത്രമേ സമാധാനം നിലനില്ക്കുകയുള്ളൂ. ഇരു കാര്യങ്ങളും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു. അഹ്മദികളായ നമ്മൾ ലോകത്ത് ഓരോ സ്ഥലത്തും ഇതാണ് പ്രകടിപ്പിക്കുന്നത്. മുമ്പേ ഇവിടെ ചെയ്തു വരുന്നതുപോലെ ഇൻശാഅല്ലാഹ് ഇനിയും ചെയ്തുകൊണ്ടിരിക്കുന്നതാണ്.

ഇസ്‌ലാമികാധ്യാപനത്തിന്റെ വെളിച്ചത്തിൽ ത്തന്നെയാണ് അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ നമ്മെ ഉപദേശിക്കുന്നത്. അദ്ദേഹം പറയുന്നു:മറ്റുള്ളവരുടെ വേദന നിങ്ങളുടെ സ്വന്തം വേദനയെന്ന് മനസ്സിലാക്കുക. യഥാർഥ രൂപത്തിലുള്ള സ്നേഹപ്രകടനം അപ്പോൾ മാത്രമേ സാധ്യമാകൂ; കേവലം വാദം മാത്രമാകുകയില്ല. കേവലം നാവുകൊണ്ടുള്ള കസർത്താകുകയില്ല. എന്നല്ല, നിങ്ങൾ വേദന മനസ്സിലാക്കുന്നവരാണെങ്കിൽ അതു നീക്കുന്നതിനുള്ള ശ്രമം നടത്തുകയും ചെയ്യും. ഇതേ കാര്യങ്ങൾ തനതായ രൂപത്തിലുള്ള സ്നേഹം പുലർത്തുന്നതിന് നിങ്ങളെ പ്രാപ്തരാക്കും. ഇതേ തുടർന്ന് ലോകത്ത് സമാധാനവും സ്ഥായിയാകും.

മറ്റുള്ളവരുടെ ബിംബങ്ങളേയും ആക്ഷേപിക്കരുതെന്ന അധ്യാപനമാണ് വിശുദ്ധ ഖുർആൻ നമുക്ക് നല്കുന്നത്. അങ്ങനെയായാൽ മറുപടിയായി അവർ നിങ്ങളുടെ ദൈവത്തെയും ആക്ഷേപിക്കും. ദൈവത്തെ ആക്ഷേപിക്കുന്നതിനെ തുടർന്ന് നിങ്ങളതിന് കാരണക്കാരാകുകയും ചെയ്യും. കാരണം, മറ്റുള്ളവരുടെ ബിംബത്തെ അപമാനിക്കുന്നതിന് തുടക്കമിട്ടത് നിങ്ങളാണ്. അതിനോടുള്ള പ്രതികരണമായാണ് നിങ്ങളുടെ ദൈവം അപമാനിക്കപ്പെട്ടത്. ഈ പാപത്തിൽ നിങ്ങളും പങ്കാളിയായി. പരസ്പരമുള്ള നിങ്ങളുടെ ഈ പ്രവർത്തിയെ തുടർന്ന് കുഴപ്പങ്ങളും സംഘർഷങ്ങളുമുണ്ടാകുന്നു. സമാധാനം സ്ഥാപിതമാകുന്നതിനു പകരം അവിടെ കുഴപ്പങ്ങൾ സ്ഥിരപ്രതിഷ്ഠനേടുന്നു.

നമ്മൾ ലോകത്ത് സ്നേഹ-സമാധാനത്തിന്റെ സന്ദേശമെത്തിക്കുന്നത് പ്രസ്തുത അധ്യാപനത്തിന്റെ വെളിച്ചത്തിലാണ്. ഇപ്പോൾ ഈ മസ്ജിദ് നിർമിതമായി. മുമ്പേയും നിങ്ങൾക്ക് അനുഭവമുണ്ടായിട്ടുണ്ട്. അതേ അനുഭവത്തിന്റെ പ്രകടനമാണ് ഇന്നിവിടെ നടക്കുന്നത്. നിങ്ങൾ ഇത്രയധികംപേർ ഇന്നിവിടെ ഒരുമിച്ചു കൂടിയിരിക്കുന്നു. അഹ്മദികൾ സ്നേഹിക്കുന്നവരാണ്, നിങ്ങളുമായി ബന്ധം പുലർത്തുന്നവരാണ്. അക്കാര്യം പ്രസംഗകർ ഇവിടെ സൂചിപ്പിച്ചു. അഹ്മദികൾ മുമ്പേതന്നെ ഇക്കാര്യങ്ങൾ ചെയ്തുവരുന്നു. ഞാൻ പറഞ്ഞതുപോലെ ഇവിടുത്തെ നിങ്ങളുടെ സാന്നിധ്യം അതിന് തെളിവാണ്. ഈ മസ്ജിദ് നിർമിതമായതിനുശേഷം ഇൻശാഅല്ലാഹ്, മുമ്പേ ഉണ്ടായിരുന്നതിനെക്കാൾ കൂടുതൽ ഇതിന്റെ പ്രകടനമുണ്ടാകും. കാരണം അത് ശാന്തിയുടെ ഒരു ചിഹ്നമാണ്. സ്നേഹത്തിന്റെ ഒരു ചിഹ്നമാണ്. അനുരാഗത്തിന്റെ ചിഹ്നമാണ്. മറ്റുള്ളവരുടെ വികാരങ്ങളെ മാനിക്കുന്നതിനുള്ള ചിഹ്നമാണ്. ആരാധനയ്ക്കുള്ള ഇടമാണ്. നമ്മെ സൃഷ്ടിച്ച ദൈവത്തിന്റെ മുമ്പിൽ കുനിയലാണ്. അവൻ തന്റെ സൃഷ്ടിയെ സ്നേഹിക്കുന്നു. ഉന്നതനായ ദൈവം താൻ സൃഷ്ടിച്ച തന്റെ സൃഷ്ടിയെ സ്നേഹിക്കുന്നവനാണ്.

ദൈവത്തിനുവേണ്ടി ഒരു മസ്ജിദ് നിർമിക്കുകയും അവിടെ ഒരുമിച്ചു കൂടുകയും ദൈവത്തെ ആരാധിക്കുകയും ചെയ്യുമ്പോൾ അവന്റെ സൃഷ്ടികളോടും നമ്മൾ സ്നേഹബന്ധം പുലർത്തേണ്ടതാണ്. ഏതുമതവുമായി ബന്ധപ്പെട്ടു നില്ക്കുന്നു എന്ന് നോക്കാതെ അതു ചെയ്യുക. അല്ലാഹു വിശുദ്ധ ഖുർആനിൽ ആദ്യപാഠം നല്കുന്നത് ഇതുതന്നെയാണ്. സർവ്വലോകത്തേയും പരിപാലിക്കുന്ന ദൈവത്തെ നിങ്ങൾ ആരാധിക്കുക. അവൻ സർവ്വ ലോകത്തേയും പരിപാലിക്കുന്നവനാണ്. സർവ്വ പ്രപഞ്ചങ്ങളേയും പരിപാലിക്കുന്നവനാണ്. ഭൂമിയിൽ വസിക്കുന്ന ഓരോ സൃഷ്ടിയുടേയും അവൻ പരിപാലകനാണ്. ഉത്തമ സൃഷ്ടിയായ മനുഷ്യനെ കുറിച്ച് സർവ്വോപരി അല്ലാഹു വിചാരം പുലർത്തുന്നു. സർവ്വ സൃഷ്ടികളേയും പരിപാലിക്കുന്ന ദൈവത്തെ നമ്മൾ ആരാധിക്കുമ്പോൾ അവന്റെ സൃഷ്ടികളോട് എങ്ങനെയാണ് നമുക്ക് വെറുപ്പ് പ്രകടിപ്പിക്കാൻ സാധിക്കുക? അവരുടെ സമാധാനം തകർക്കുക സാധ്യമാണോ? ഓരോ മതാനുയായിയേയും ദൈവം പരിപാലിക്കുന്നു. അവനിൽ വിശ്വാസം പുലർത്താത്തവർക്കും സൗകര്യങ്ങളൊരുക്കുന്നു. അവന്റെ നിരുപാധിക കാരുണ്യം അവർക്കുവേണ്ടിയും പ്രവർത്തനക്ഷമമാണ്. താൻ നിരുപാധികം കാരുണ്യം ചെയ്യുന്നവനാണെന്നും തന്നെ ആരാധിക്കാത്തവരുടെ ആവശ്യങ്ങൾപോലും അവന് പൂർത്തിയാക്കുന്നത് തന്റെ സൃഷ്ടിയായതു കൊണ്ടാണെന്നും അല്ലാഹു വ്യക്തമാക്കുന്നു. ഈ ലോകത്ത് അവൻ അവരുടെ ആവശ്യങ്ങൾ നിരന്തരം പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു. നിരുപാധികം കാരുണ ചെയ്യുന്നവനും പരിപാലകനുമായ ദൈവത്തെ നമ്മൾ ആരാധിക്കുന്നു. അല്ലാഹുവിന്റെ സൃഷ്ടികളെ ആദരിക്കേണ്ടതും നമുക്ക് നിർബന്ധമാണ്. കരുണാദ്രമായ ബന്ധം അവരോടു സ്ഥാപിക്കണം. നമ്മോടെതിർപ്പുവച്ചു പുലർത്തുന്നവരോടും മൃദുലതയോടെ പെരുമാറേണ്ടതാണ്. ഒരിക്കലും കുഴപ്പമുണ്ടാകരുത്.

ആരാധനയോടൊപ്പം ശാന്തിയുടേയും സമാധാനത്തിന്റേയും സന്ദേശം നമ്മൾ പ്രചരിപ്പിക്കേണ്ടതാണ്. അതു നമ്മൾ ചെയ്തുവരുന്നുമുണ്ട്. മാനുഷികമായ സേവനങ്ങളും നമ്മൾ ലോകത്ത് ചെയ്തു വരുന്നു. ഇതിന് വിവിധ പദ്ധതികളും നമുക്കുണ്ട്. യഥാർഥ ആരാധന നിർവ്വഹിക്കുന്നവർ മനുഷ്യ കുലത്തോടുള്ള കടമകളും നിർവഹിക്കേണ്ടതാണ്. ദരിദ്രരെ സേവിക്കേണ്ടതാണ്. ദരിദ്ര രാഷ്ട്രങ്ങളിൽ നമ്മുടെ വളരെയധികം സേവന പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ധാരാളം പ്രൊജക്ടുകൾ നടപ്പിലാക്കി വരുന്നു. ജമാഅത്ത് ദരിദ്രരെ സേവിക്കുന്നു. നമ്മുടെ പ്രവർത്തന വിഭാഗമായ ഹ്യൂമാനിറ്റി ഫസ്റ്റും വളരെയധികം പദ്ധതികൾ നടപ്പിലാക്കി വരുന്നു. ആഫ്രിക്കയിലെ ചില ദരിദ്ര രാജ്യങ്ങളിൽ ഈ പ്രവൃത്തികൾ അവർ ചെയ്തു വരുന്നു. ജമാഅത്തിന്റെ കേന്ദ്ര വിഭാഗം ചെയ്യുന്ന പ്രൊജക്ടുകൾ കൂടാതെ വളരെയധികം പ്രൊജക്ടുകൾ അഹ്മദിയ്യാ ജമാഅത്ത് തദ്ദേശതലത്തിലും ചെയ്തു വരുന്നുണ്ട്. ബെനിൻ രാജ്യത്ത് നടത്തി വരുന്ന അനാഥാലയം ഒരു ഉദാഹരണമാണ്. ജർമനി ജമാഅത്തിനു കീഴിലാണ് ഇതു പ്രവർത്തിച്ചു വരുന്നത്. ജാതിമത ഭേദമന്യേ ഈ സേവനങ്ങൾ നടന്നുവരുന്നു. മാത്രമല്ല, ഈ അനാഥാലയത്തിൽ വരുന്ന കുട്ടികളിൽ ഏറിയ പങ്കും അഹ്മദികളല്ലാത്തവരാണ്. സേവനം ചെയ്യുന്ന സ്ഥലങ്ങളിലെല്ലാം അല്ലാഹുവിന്റെ കൽപ്പന നമ്മൾ മുന്നിൽ വെക്കുന്നു. സ്വസഹോദരന്മാരെ സേവിക്കുക, ഭിന്നശേഷിക്കാരേയും ദുർബലരേയും വിവിധ സാഹചര്യങ്ങളിൽപ്പെട്ട് വിഷമിക്കുന്നവരേയും സേവിക്കുക. ജർമനിക്ക് നല്കപ്പെട്ട ഈ പ്രൊജക്ട് പ്രസ്തുത രാജ്യങ്ങളിൽ നടക്കുമ്പോൾ അതു കേവലം സേവനത്തിൽമാത്രം പരിമിതമാകുന്നില്ല. പ്രസ്തുത രാജ്യങ്ങളിൽ തിരിച്ചറിയാനുള്ള ഒരു സവിശേഷത ജർമനിക്ക് കൈവരുന്നു. ജനസേവകരാകുന്നതോടൊപ്പം അവരവിടെ ജർമനിയുടെ അംബാസിഡർമാരായി മാറുന്നു. ഇവിടെക്കൂടാതെ ലോകത്ത് വിവിധ രാജ്യങ്ങളിലും നമ്മുടെ സേവനങ്ങൾ നടന്നുവരുന്നുണ്ട്. ഞാൻ പറഞ്ഞതുപോലെ വിവിധ രാജ്യങ്ങൾക്ക് ഈ ഉത്തരവാദിത്വം ഏൽപ്പിക്കപ്പെട്ടിരിക്കുകയാണ്. ചില ദരിദ്ര രാജ്യങ്ങളെ സേവിക്കാനുള്ള ഉത്തരവാദിത്വവും ജർമനി ജമാഅത്തിനെ ഏൽപ്പിച്ചിട്ടുണ്ട്. ഇവർ അവിടെ സേവനത്തിനെത്തുമ്പോൾ സേവനത്തിന് വന്നവരാണെന്ന് ജർമൻജനത തിരിച്ചറിയുന്നു. തദ്വാര ജർമനിയുടെ ദൂതന്മാരായിക്കൊണ്ട് ജർമനിയെ നാം പ്രകാശമാനമാക്കുന്നു. ലോകത്ത് നമ്മൾ ചെയ്തു വരുന്ന ഈ സേവനങ്ങളാണ് നമ്മുടെ ലക്ഷ്യങ്ങൾ. ആരാധനയോടൊപ്പം മാനുഷികമായ സേവനങ്ങളും നിർവ്വഹിക്കുക എന്ന് സാരം. ഇവിടെ വസിക്കുന്ന അഹ്മദികളെ ഇക്കാര്യത്തെ കുറിച്ച് വീണ്ടും ഓർമിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഈ മസ്ജിദ് നിർമിക്കപ്പെട്ടതിനുശേഷം നിങ്ങളുടെആരാധനകളുടെ നിലവാരവും മുമ്പേയുള്ളതിനെക്കാൾ വർധിപ്പിക്കുക. മാനുഷികമായ സേവനത്തിന്റെ നിലവാരവും മുമ്പേയുളളതിനെക്കാൾ ഉയർത്തുക. ഇതര പ്രദേശങ്ങളിലും നിങ്ങൾ താമസിക്കുന്ന ഈ പട്ടണത്തിലും ശാന്തി കൈവരുത്തുകയും സേവനത്തിന്റെ നിലവാരം പൂർവോപരി ഉന്നത നിലവാരത്തിലെത്തിക്കുകയും ചെയ്യുക. അതിഥികളോടും ഞാൻ വീണ്ടും പറയുകയാണ്, നിങ്ങളിവിടെ വന്നു. നിശ്ചയമായും നിങ്ങളുടെ ഹൃദയങ്ങളിൽ ജമാഅത്തിനോടുള്ള ആദരവും സദ്വിചാരവുമു ള്ളതുകൊണ്ടാണ് നിങ്ങൾ ഇവിടെ വന്നത്. രാജ്യത്തും നഗരങ്ങളിലും ചില ആശങ്കകൾവച്ചു പുലർത്തുന്നവരുമുണ്ടാകാറുണ്ട്. നിങ്ങൾ സ്വന്തം വൃത്തങ്ങളിൽ അവരുടെ ആശങ്കകൾ അകറ്റാൻ ശ്രമിക്കുക. അഹ്മദിയ്യാ ജമാഅത്ത് സ്നേഹം വ്യാപിപ്പിക്കുന്ന വിഭാഗമാണ്. മസ്ജിദുകൾ നിർമിക്കപ്പെടുമ്പോൾ സ്നേഹം വിപുലമാക്കാനുള്ള മാർഗമായി അത് മാറുന്നു. എന്നല്ല വളരെ വലിയൊരു മാർഗമായാണ് അത് മാറുന്നത്. മസ്ജിദിൽ ഒരു തരത്തിലുള്ള ഭയമോ അപകടമോ ഇല്ല. പ്രത്യുത, അത് തുറന്നു കിടക്കുന്നു. ഓരോ വ്യക്തിക്കുവേണ്ടിയും തുറക്കപ്പെട്ടിരിക്കുന്നു. എപ്പോഴും ഏതു സമയത്തും നിങ്ങളാഗ്രഹിക്കുന്ന നേരത്ത് ഇവിടെ വരാവുന്നതാണ്. ഇൻശാ അല്ലാഹ് നിങ്ങൾ ഞങ്ങളിൽ സ്നേഹവികാരങ്ങൾ മാത്രമെ കാണുകയുള്ളൂ. ഈ ഏതാനും ചില വാക്കുകളോടെ ഞാൻ നിറുത്തുകയാണ്. നന്ദി. ജസാക്കുമുല്ലാഹ്

ഹുദൂറിന്റെ ഈ പ്രഭാഷണം 06.37-വരെ തുടർന്നു. ഒടുവിൽ ഹുദൂർ ദുആക്ക് നേതൃത്വം നല്കി. പന്തലിൽ ഒരുക്കിയിരുന്ന സൽക്കാരത്തിൽ എല്ലാ അതിഥികളും പങ്കുകൊണ്ടു. അതിഥികൾ ഹുദൂറുമൊത്ത് ഹ്രസ്വമായ കൂടിക്കാഴ്ചയും നടത്തി. വാത്സല്യത്തോടെ ചില അതിഥികളുമായി ഹുദൂർ സംസാരിച്ചു. ചിലർക്ക് ഉപഹാരങ്ങളും നല്കി.

ലജ്നയുടെ പന്തലിലും ഹുദൂർ പോയി. സ്ത്രീകൾക്കും ഹുദൂറിനെ നേരിട്ട് ദർശിക്കാൻ അവസരം ലഭിച്ചു. വിവിധ ഗ്രൂപ്പുകളായി പെൺകുട്ടികൾ പ്രാർഥനാ ഗീതങ്ങൾ ആലപിച്ചു. അവർക്ക് ഹുദൂർ സ്നേഹത്തോടെ ചോക്ലേറ്റും നല്കി. ശേഷം ഹുദൂർ മസ്ജിദിൽ വന്നു. ലോക്കൽ മജ്‌ലിസെ ആമിലാ അംഗങ്ങളും മറ്റുഭാരവാഹികളും തങ്ങളുടെ പ്രിയപ്പെട്ട ഹുദൂറിനോടൊപ്പം ഫോട്ടോ എടുത്ത് സായൂജ്യരായി. ഈയവസരത്തിൽ മുറ്റത്ത് എല്ലാ കുഞ്ഞുങ്ങളും വരിവരിയായി നിരന്നു കഴിഞ്ഞിരുന്നു. അവർക്കെല്ലാവർക്കും ഹുദൂർ വാത്സല്യപൂർവം ചോക്ലേറ്റ് നല്കി. ഇവിടെ നിന്ന്

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ര്‍ വീക്കിലി
ഖാദിയാന്‍

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-9 Thursday 18 April 2024 Issue-16

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

മടങ്ങാനുള്ള സമയം അടുത്തതോടെ പുറത്തെ ഗേറ്റില്‍ നിലയുറപ്പിച്ചിരുന്ന ആണ്‍കുട്ടികളും പെണ്‍കുട്ടികളും പ്രാര്‍ഥനാ ഗീതങ്ങള്‍ ആലപിച്ചു.

അവസാനമായി ഹുദൂര്‍ ദുആക്ക് നേതൃത്വം നല്കി. യാത്രാ സംഘം 07.20-ന് ഇവിടെനിന്ന് കാര്‍ബണ്‍ പട്ടണത്തിലേക്ക് യാത്രയായി.

**2014 ജൂണ്‍ 08 ഞായറാഴ്ച:**

രാവിലെ 04.20-ന് ഹുദൂര്‍ സ്വുബ്ഹി നമസ്കാരത്തിന് നേതൃത്വം നല്കി. രാവിലെ ഓഫീസ് സംബന്ധമായ റിപ്പോര്‍ട്ടുകളും കത്തുകളും മറ്റു കത്തുകളും പരിശോധിച്ചു, മാര്‍ഗനിര്‍ദേശങ്ങള്‍ നല്കി. 11.50ന് ഹുദൂര്‍ ഓഫീസില്‍ വന്നു. കൂടിക്കാഴ്ചകള്‍ തുടങ്ങി

**രണ്ട് അതിഥികള്‍ ഹുദൂറിനെ കാണുന്നു:**

കോളോണ്‍ യൂണിവേഴ്സിറ്റിയില്‍ എജ്യൂക്കേഷണല്‍ സയന്‍സില്‍ പി.എച്ച്.ഡി എടുത്തു വരുന്ന മിസ്റ്റര്‍ സ്റ്റെഫാന്‍ ഹോസലാണ് ഒരതിഥി. തന്റെ പഠനവുമായി ബന്ധപ്പെട്ടാണ് അദ്ദേഹം ജമാഅത്തുമായി പരിചയപ്പെടുന്നത്. 'യുവാക്കളുടെ വീക്ഷണത്തില്‍ ലോകത്ത് മതത്തിന്റെ ആവശ്യകത' എന്ന വിഷയത്തില്‍ ഗവേഷണം നടക്കുമ്പോഴായിരുന്നു ഇത്. മായിന്‍സ് യൂണിവേഴ്സിറ്റിയിലെ അധ്യാപനത്തോടൊപ്പം പോസ്റ്റ് ഡോക്ടറല്‍ ഡിഗ്രി എടുത്തുവരുന്ന ഡോക്ടര്‍ നില്‍സ് കോബലാണ് രണ്ടാമത്തെ അതിഥി. 'സ്വഭാവപരമായ മൂല്യങ്ങള്‍ മതത്തില്‍' എന്ന വിഷയത്തില്‍ അദ്ദേഹം ഗവേഷണം നടത്തുന്നു.

1.05-ന് ഇവര്‍ കൂടിക്കാഴ്ചക്കായി ഹുദൂറിന്റെ അടുത്ത് വന്നു. സംഭാഷണ മധ്യേ അതിഥികളോടു ഹുദൂര്‍ പറഞ്ഞു:മതത്തെ കൂടാതെ സ്വഭാവപരമായ മൂല്യങ്ങള്‍ക്ക് ഒരുവിധ പ്രാധാന്യവുമില്ല. ഇതേകാര്യത്തിനു വേണ്ടിത്തന്നെയാണ് അല്ലാഹു തന്റെ ദൂതന്മാരെ നിയോഗിച്ചു കൊണ്ടിരുന്നത്. തദ്വാര സ്വഭാവപരമായ മൂല്യങ്ങള്‍ ജീവസ്സുറ്റതായി നിലനില്ക്കുന്നു. അതുകൊണ്ടുതന്നെ വിവിധ വ്യക്തികള്‍ ഒരേ സന്ദേശം നല്‍കി. യഥാര്‍ഥ ഇസ്ലാമില്‍നിന്ന് ബഹുദൂരം അകന്നുപോയ മുസ്ലിമീങ്ങളെ സംസ്കരിക്കാന്‍ ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)നെ അല്ലാഹു ഇക്കാലഘട്ടത്തിലെ മഹ്ദീ മസീഹായി നിയോഗിച്ചു.

സ്റ്റെഫാന്‍ സാഹിബ്: സ്വഭാവഗുണങ്ങള്‍ മതത്തെ കൂടാതെയും സാധ്യമാണ്.

ഹുദൂര്‍: സാധ്യമാണ്, പക്ഷേ, അത് വളരെ പരിമിതമാണ്. ഉള്ളതുതന്നെയും മതത്തിന്റെ തന്നെ ഔദാര്യമാണ്. ഒരു പാക്കിസ്താന്‍ മിനിസ്റ്റര്‍ മാവോസേത്തൂംഗുമായി കൂടിക്കാഴ്ച നടത്താന്‍ ചൈനയില്‍ പോയി. ഉന്നത നിലവാരത്തിലുള്ള ഈ സ്വഭാവഗുണങ്ങള്‍ നിങ്ങളെവിടെ നിന്നാണ് സ്വായത്തമാക്കിയതെന്ന് മിനിസ്റ്റര്‍ അദ്ദേഹത്തോടു ചോദിച്ചു. സ്വന്തം നാട്ടില്‍ മടങ്ങി പോകാനും വിശുദ്ധ ഖുര്‍ആനിന്റെ അധ്യാപനവും മുഹമ്മദ് നബി(സ)യുടെ ജീവിതവും പഠിക്കാനും നിര്‍ദ്ദേശിച്ച അദ്ദേഹം ഇങ്ങനെ ഉന്നത നിലവാരത്തിലുള്ള സ്വഭാവ മൂല്യങ്ങള്‍ സ്വായത്തമാക്കാന്‍ സാധിക്കുമെന്ന് ഓര്‍മിപ്പിക്കുകയും ചെയ്തു.

അതിഥിയുടെ മറ്റൊരു ചോദ്യത്തോടു ഹുദൂര്‍ ഈ വാക്കുകളില്‍ പ്രതികരിച്ചു:യഹൂദ-ക്രൈസ്ത വ മതാധ്യാപനം വളരെ സാമ്യമുള്ളതാണ്. എന്നാല്‍, പില്‍ക്കാലത്ത് ഇവരിരുവിഭാഗത്തിലേയും അനുയായികള്‍ക്കിടയില്‍ ധാരാളമായ അഭിപ്രായവ്യത്യാസങ്ങള്‍ നിലനിന്നു. കൂടാതെ മറ്റൊരു പ്രശ്നമുണ്ട്. അധ്യാപനമുണ്ടെങ്കിലും അതനുസരിച്ച് പ്രവര്‍ത്തനമില്ല. ഉദാഹരണമായി ഒരു ജീവനെ കൊലപ്പെടുത്തിയാല്‍ അത് സര്‍വലോകത്തേയും കൊലചെയ്തതിനു സമമാണെന്ന കല്‍പ്പന അവര്‍ക്കുണ്ട്. എന്നാല്‍, ഇതനുസരിച്ച് ആര് എവിടെയാണ് പ്രവര്‍ത്തിക്കുന്നത്? ഇതേ പ്രശ്നം മുസ്ലിമീങ്ങള്‍ക്കുമുണ്ട്. ഇതുകൊണ്ടു തന്നെയാണ് വിശുദ്ധ ഖുര്‍ആനിന്റെ അധ്യാപനത്തേയും നബി(സ)തിരുമേനിയുടെ പവിത്ര മാതൃകയേയും പുനരുജ്ജീവിപ്പിക്കാന്‍ അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരെ അല്ലാഹു ഇക്കാലഘട്ടത്തില്‍ നിയോഗിച്ചത്.

ഇതു സംബന്ധമായി വാഗ്ദത്ത മസീഹിന്റെ(അ) ഇസ്ലാംമത തത്ത്വജ്ഞാനം എന്ന ഗ്രന്ഥം വായിക്കുക.

അതിഥികള്‍: ആരംഭ ദിശയില്‍ത്തന്നെ ഈ ഗ്രന്ഥം ഞങ്ങള്‍ക്ക് ലഭിച്ചിരുന്നു. ഇടയില്‍നിന്നുള്ള കുറച്ച് കുറച്ച് ഭാഗങ്ങള്‍ വായിച്ചു.

ഹുദൂര്‍: അത് പൂര്‍ണമായും വായിച്ചു നോക്കുക.

ഡോക്ടര്‍ നില്‍സ് കോബല്‍ അത്യധികം സ്നേഹ വികാരത്തോടെ ഹുദൂറിന്റെ സന്നിധിയില്‍ പുഷ്പങ്ങളുടേയും ചോക്ലേറ്റിന്റേയും ഉപഹാരം സമര്‍പ്പിച്ചു. വാത്സല്യത്തോടെ അത് സ്വീകരിച്ച ഹുദൂര്‍ നന്ദി പറഞ്ഞു. രണ്ടുപേര്‍ക്കും ഹുദൂര്‍ പേനയും നല്കി. ഒടുവില്‍ ഹുദൂറുമൊത്ത് അവര്‍ ഫോട്ടോയുമെടുത്ത്. 01.20-വരെ ഈ കൂടിക്കാഴ്ച തുടര്‍ന്നു. ഹുദൂറുമായുള്ള കൂടിക്കാഴ്ചക്കുശേഷം ഇവരിരുവരും വളരെയധികം ആവേശഭരിതരായി. സന്തോഷാതിരേകത്താല്‍ അവരുടെ മുഖം വിളങ്ങി. ഇത്രയും മഹനീയനായ വ്യക്തി തങ്ങള്‍ക്ക് കൂടിക്കാഴ്ചക്ക് അവസരം തരുമെന്ന് ഒരുറപ്പുമുണ്ടായിരുന്നില്ലെന്ന് തുടര്‍ച്ചയായി അവര്‍ പറഞ്ഞു കൊണ്ടിരുന്നു. അവര്‍ക്ക് കുറേ സമയം കിട്ടി. ഹുദൂറുമൊത്ത് അവര്‍ ഫോട്ടോയുമെടുത്തു. ഇതിന്റെ പ്രിന്റെടുത്ത് ഒരു അതിഥി തന്റെ ഓഫീസില്‍ തൂക്കിയിടുകയും ചെയ്തു.

**കുടുംബപരവും വ്യക്തിപരവുമായ കൂടിക്കാഴ്ചകള്‍:**

ഇന്നു രാവിലെ നടന്ന കൂടിക്കാഴ്ചകളില്‍ 24 കുടുംബത്തില്‍നിന്നുള്ള 99 അംഗങ്ങളും 50 പേര്‍ വ്യക്തിപരമായും ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. എല്ലാവര്‍ക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും സൗഭാഗ്യം ലഭിച്ചു. വിദ്യാര്‍ഥി വിദ്യാര്‍ഥിനികള്‍ക്ക് ഹുദൂര്‍ പേനയും കുഞ്ഞുങ്ങള്‍ക്ക് ചോക്ലേറ്റും നല്കി. ഇന്നത്തെ സെഷനില്‍ പങ്കെടുത്ത കുടുംബങ്ങള്‍ താഴെ ചേര്‍ക്കുന്ന ജമാഅത്തുകളില്‍നിന്നു വന്നവരാണ്. ചിലര്‍ ദീര്‍ഘദൂര യാത്ര ചെയ്താണ് കൂടിക്കാഴ്ചക്കെത്തിയത്.

മാര്‍ബെര്‍ഗ്, ക്രാനിച്ച് സ്റ്റെയിന്‍, ഉസിന്‍ജെന്‍, ഫുല്‍ദ, ബെന്‍ഷെയിം, മന്‍ഹെയിം, വീസ്ബാന്‍, ബാഡ് ന്യൂഹെയിം, എയ്ച്ച് വേംസ്, ക്ലൈയിന്‍ ജറൌ, നിഡ്ഡ, ഡാര്‍മസ്റ്റഡ്, വാബേണ്‍, ബീലെഫെല്‍ഡ്, സോയെസ്റ്റ്, റീഡ്സ്റ്റാപ്റ്റ്, ഒബേറൂസല്മായിന്‍സ്, ഒല്‍പെ, റസല്‍ഹെയിം, ഹാനോവര്‍, ഹനാവു, ഡ്രെയീച്ച്, ഡൂറെന്‍.

02.15-വരെ കൂടിക്കാഴ്ചാ പ്രോഗ്രാം നീണ്ടു. ശേഷം ഹുദൂറിന്റെ നേതൃത്വത്തില്‍ ളുഹ്ര്‍-അസ്ര്‍ നമസ്കാരങ്ങള്‍ ജംഅ് ജമാഅത്തായിട്ട് നിര്‍വഹിച്ചു. തുടര്‍ന്ന് താമസസ്ഥലത്തേക്ക് മടങ്ങി.

**ഹുസൂറിനോടൊപ്പം വാഖ്ഫെനൗ ക്ലാസ്:**

വാഖ്ഫെ നൗ ക്ലാസിന് മസ്ജിദിന്റെ പുരുഷ ഹാളില്‍ സജ്ജീകരണം ചെയ്യപ്പെട്ടിരുന്നു. 06.10-ന് ഹുദൂര്‍ ഹാളില്‍ വന്നു. ഇന്നത്തെ വിഷയം ദൈവാസ്തിക്യം എന്നതായിരുന്നു.

അസീസം ദാനിയാല്‍ അഹ്മദ് ദാവൂദിന്റെ തിലാവത്തോടുകൂടി ക്ലാസിന് തുടക്കമായി. ഉര്‍ദു തര്‍ജമ അസീസം ത്വല്‍ഹാ അഹ്മദ് അവതരിപ്പിച്ചു. അസീസം ഫഹീം അഹ്മദ് ഉന്നതനായ അല്ലാഹുവിന്റെ ഗുണനാമങ്ങള്‍ വിവരിക്കുന്ന ഒരു ഹദീഥ് സമര്‍പ്പിച്ചു. ഉര്‍ദു തര്‍ജമ അസീസം അലി ഫറാസും അവതരിപ്പിച്ചു.

(തുടരും)

**(പേജ് 1 ല്‍നിന്ന്)**

കാരണം അല്ലാഹു പറയുന്നു, നിങ്ങള്‍ എന്റെ അനുഗ്രഹത്തിന് നന്ദി കാണിക്കുകയാണെങ്കില്‍ ഞാന്‍ അനുഗ്രഹങ്ങള്‍ വര്‍ധിപ്പിച്ചു തരുന്നതായിരിക്കും. ആ അനുഗ്രഹത്തെ നിഷേധിക്കുകയാണെങ്കില്‍ ഓര്‍മിക്കുക എന്റെ ശിക്ഷ കഠിനതരമായിരിക്കും.

സത്യവിശ്വാസികളുടേയും സത്യനിഷേധികളുടേയും വിജയത്തിലുള്ള വ്യത്യാസം.

ഈ അടിസ്ഥാനപരമായ തത്ത്വം എന്നെന്നും മുമ്പില്‍ വെക്കുക. മുഅ്മിനിന്റെ ജോലി അവനു നല്കപ്പെടുന്ന വിജയത്തില്‍ അവന്‍ നാണിക്കുന്നുവെന്നതാണ്. തന്നില്‍ കൃപചൊരിഞ്ഞ കാരണത്താല്‍ അല്ലാഹുവിനെ അവന്‍ വാഴ്ത്തുന്നു. ഇപ്രകാരം അവന്‍ ചുവടു മുന്നോട്ടു വെക്കുന്നു. എല്ലാ പരീക്ഷണത്തിലും ദൃഢപാദനായിക്കൊണ്ട് സമ്മാനം നേടുന്നു. ബാഹ്യമായി ഒരു ഹിന്ദുവിന്റേയും സത്യവിശ്വാസിയുടേയും വിജയം ഒരേ രീതിയില്‍ സാദൃശ്യമുള്ളതാണ്. പക്ഷേ, ഓര്‍ക്കുക! സത്യനിഷേധിയുടെ വിജയം വഴികേടിന്റേതാണ്. സത്യവിശ്വാസിയുടെ വിജയംകൊണ്ട് അവന് അനുഗ്രഹങ്ങളുടെ വാതില്‍ തുറക്കുകയാണ്. സത്യനിഷേധിയുടെ വിജയം വഴികേടിലേക്ക് കൊണ്ടുപോകുന്നത് എന്തുകൊണ്ടാണെന്നാല്‍ അവന്‍ ദൈവത്തിലേക്ക് മടങ്ങുന്നില്ല. മറിച്ച് തന്റെ അധ്വാനത്തേയും ബുദ്ധിയേയും കഴിവിനേയും ദൈവമാക്കുകയാണ് ചെയ്യുന്നത്. എന്നാല്‍, സത്യവിശ്വാസി അല്ലാഹുവിലേക്ക് മടങ്ങി അല്ലാഹുവുമായി ഒരു പുതിയ പരിചയമുണ്ടാക്കുന്നു.

ഇങ്ങനെ ഓരോ വിജയത്തിനുശേഷവും അവന്‍ അല്ലാഹുവുമായി ഒരു പുതിയ കാര്യം ആരംഭിക്കുന്നു. അതില്‍ മാറ്റങ്ങള്‍ ഉണ്ടാകാന്‍ തുടങ്ങുന്നു. ഇന്നല്ലാഹ മഅല്ലദീനത്തഖൗ(16:129)മുത്തഖിയായവരുടെ കൂടെയാണ് അല്ലാഹു. വിശുദ്ധ ഖുര്‍ആനില്‍ തഖ്വാ എന്ന പദം ഒരുപാടു പ്രാവശ്യം വന്നിട്ടുണ്ടെന്ന് ഓര്‍ക്കുക. അതിന്റെ അര്‍ഥം വെക്കപ്പെടുന്നത് മുമ്പേയുള്ള വാക്കില്‍നിന്നാണ്. ഇവിടെ *മഅ* എന്ന വാക്ക് വന്നിരിക്കുന്നു. അല്ലാഹുവിനെ മുന്തിച്ചു നിറുത്തുന്നവനെ അല്ലാഹു മുന്തിക്കുന്നു. ലോകത്തുകാണുന്ന എല്ലാ തരത്തിലുള്ള നിന്ദ്യതകളില്‍നിന്നും അവനെ രക്ഷിക്കുന്നു. മനുഷ്യന്‍ ലോകത്തുകാണുന്ന എല്ലാ തരത്തിലുള്ള നിന്ദ്യതകളില്‍നിന്നും ഞെരുക്കങ്ങളില്‍നിന്നും രക്ഷപ്പെടാനാഗ്രഹിക്കുന്നെങ്കില്‍ മുത്തഖിയാകുക എന്ന ഒരേയൊരു വഴിയെയുള്ളു എന്നതുതന്നെയാണ് എന്റെ ഈമാന്‍. പിന്നീട് അവന് ഒരു കുറവുമുണ്ടാകുകയില്ല. അതിനാല്‍ സത്യവിശ്വാസിയുടെ വിജയങ്ങള്‍ അവനെ മുന്നോട്ടു കൊണ്ടുപോകുന്നു. അവനൊരിടത്ത് നിലച്ചു പോകുകയില്ല.(മല്‍ഫൂദാത്ത് വാള്യം 1, പേജ് 13)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin